2023
JULY
27
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

# മദ്യനയത്തിന് അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാന അബ്കാരി നയം 2023ന് മന്ത്രിസഭായോഗം അംഗീകാരം നൽകി.കള്ളുചെത്ത് മേഖല, വിദേശ മദ്യം എന്നിങ്ങനെ മൂന്നു മേഖലകളുമായി ബന്ധപ്പെട്ടാണു മദ്യനയമെന്നും മന്ത്രി എം.ബി രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കള്ളിനെ പ്രകൃതി ജന്യവും പരമ്പരാഗതവുമായ തനത് ലഹരി പാനീയമായി അവതരിപ്പിക്കുമെന്നു മന്ത്രി പറഞ്ഞു. കള്ളുഷാപ്പുകളുടെ മുഖഛായ മാറ്റി വിദേശ വിനോദ സഞ്ചാരികൾ ഉൾപ്പടെയുള്ളവർക്ക് കേരളത്തിന്റെ തനത് ഭക്ഷണവും ശുദ്ധമായ കള്ളും ലഭ്യമാകുന്ന സ്ഥാപനങ്ങളാക്കി മാറ്റും.കേരളത്തിൽ എല്ലാ പ്രദേശത്തും സ്ഥലങ്ങൾ കണ്ടെത്തി കള്ള് ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും. കള്ള് ഉൽപാദനം പ്ലാന്റേഷൻ അടിസ്ഥാനത്തിലും പ്രോത്സാഹിപ്പിക്കും. തെങ്ങിൽനിന്ന് ലഭിക്കുന്ന കള്ളിന്റെ അളവ് ശാസ്ത്രീയമായി പുനഃക്രമീകരിക്കും. 'കേരളാ ടോഡി' എന്ന പേരിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കള്ള് ബ്രാൻഡ് ചെയ്യും. മൂന്ന് സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന് മുകളിലോ ഉള്ള ഹോട്ടലുകൾക്കും, വിനോദ സഞ്ചാര മേഖലകളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്കും അതാത് സ്ഥാപനങ്ങൾക്കുള്ളിലുള്ള വൃക്ഷം ചെത്തി കള്ള് ഉത്പാദിപ്പിച്ച്, അതിഥികൾക്ക് നൽകുന്നതിന് അനുവാദം നൽകും. അതാത് ദിവസങ്ങളിലെ വിൽപ്പനയ്ക്ക് ശേഷം അധികമുള്ള കള്ള് ഒഴുക്കിക്കളയുന്നതിന് പകരം, അതിൽ നിന്നു വിനാഗിരി പോലെയുള്ള മൂല്യ വർദ്ധിത വസ്തുക്കൾ നിർമ്മിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തും.വിദേശ മദ്യവും ബിയറും പരമാവധി സംസ്ഥാനത്തിനുള്ളിൽ ത്തന്നെ നിർമ്മിക്കുന്നതിനു സംവിധാനം ഒരുക്കും. മദ്യത്തിന്റെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുന്ന ഉയർന്ന ബ്രാൻഡ് രജിസ്ട്രേഷൻ ഫീസും എക്സ്പോർട്ട് ഫീസും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി പുനക്രമീകരിക്കും. സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിന ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ കേരളത്തിൽത്തന്നെ ഉദ്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകും.സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിലെ മദ്യ ഉദ്പാദനം വർധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കും. പാലക്കാടുള്ള മലബാർ ഡിസ്റ്റിലറിയിലെ മദ്യ ഉൽപാദനം ഈ വർഷം ആരംഭിക്കും.സംസ്ഥാനത്ത് ലഭ്യമാകുന്ന പഴവർഗങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉദ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതാണ്. വിദേശ വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന റെസ്റ്ററന്റുകൾക്ക് ടൂറിസം സീസണിൽ മാത്രം ബിയർ, വൈൻ തുടങ്ങിയവ വിൽപ്പന നടത്താൻ പ്രത്യേക ലൈസൻസ് അനുവദിക്കും.സംസ്ഥാനത്ത് നിലവിൽ 559 വിദേശ മദ്യ ചില്ലറ വിൽപ്പന ശാലകൾക്കാണ് അനുമതിയുള്ളത്. എന്നാൽ 309 ഷോപ്പുകളാണ് തുറന്നു പ്രവർത്തിക്കുന്നത്. അവശേഷിപ്പിക്കുന്നവ തുറന്നു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കും.ക്ലാസിഫിക്കേഷൻ പുതുക്കി ലഭിക്കാത്ത ഹോട്ടലുകൾക്ക് നിയമപരമായ തടസങ്ങളില്ലെങ്കിൽ ക്ലാസിഫിക്കേഷൻ കമ്മിറ്റിയുടെ പരിശോധന നടത്തുന്നത് വരെ ബാർലൈസൻസ് പുതുക്കി നൽകും.ഐടി പാർക്കുകളിൽ വിദേശ മദ്യം വിതരണം ചെയ്യുന്നതിന് ചട്ടഭേദഗതി പുരോഗതിയിലാണ്. ഇതുപോലെ ഐടി സമാനമായ വ്യവസായ പാർക്കുകൾക്കും നിശ്ചിത യോഗ്യതയുള്ള സ്ഥലങ്ങളിൽ മദ്യം വിളമ്പുന്നതിന് ലൈസൻസ് അനുവദിക്കുന്നതിന്, വ്യവസായ വകുപ്പുമായി ആലോചിച്ച് ചട്ടം നിർമ്മിക്കും.ബാർ ലൈസൻസ് ഫീസ് 30,00,000ൽ നിന്ന് 35,00,000 രൂപയായി വർദ്ധിപ്പിക്കും. സീമെൻ, മറൈൻ ഓഫീസേഴ്സ് എന്നിവർക്കുള്ള ക്ലബ്ബുകളിൽ മദ്യം വിളമ്പുന്നതിനുള്ള ലൈസൻസ് ഫീസ് (എഫ്എൽ4) 50,000ൽ നിന്ന് 2,00,000 രൂപയായി വർദ്ധിപ്പിക്കും. സംസ്ഥാന ബെവ്റിജസ് കോർപറേഷൻ വഴി വിൽക്കുന്ന മദ്യക്കുപ്പികളിൽ ക്യു ആർ കോഡ് പതിക്കുന്ന നടപടികൾ ഈ വർഷം പൂർത്തിയാക്കി, മദ്യവിതരണത്തിൽ സുതാര്യത ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.



## വിഴിഞ്ഞത്ത് ആദ്യ കപ്പൽ സെപ്റ്റംബറിലെത്തും



**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യ കപ്പൽ ചൈനയിൽ നിന്നും സെപ്റ്റംബറിലെത്തിച്ചേരുമെന്ന് തുറമുഖ, മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ പറഞ്ഞു. വിഴിഞ്ഞം തുറമുഖ നിർമാണ പുരോഗതി വിലയിരുത്തുന്നതിനായുള്ള പ്രതിമാസ അവലോകന യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. നിർമാണ പ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിൽ മുന്നോട്ട് പോവുകയാണ്. 54 ലക്ഷം ടൺ പാറ സംഭരിക്കുകയും 49 ലക്ഷം ടൺ നിക്ഷേപിക്കുകയും ചെയ്തു. നിലവിൽ ആവശ്യമായ 26 ലക്ഷം ടൺ പാറക്കാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാറുമായി ചർച്ചകൾ നടത്തിയും സംസ്ഥാനത്തെ അനുവദനീയമായ ക്വാറികൾ ഉപയോഗിച്ചും പാറ ലഭ്യതയിലെ പ്രതിസന്ധി പരിഹരിക്കും.2024 മേയ് മാസത്തോടെ പദ്ധതിയുടെ ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യും. പവർ സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവയുടെ നിർമാണം പൂർത്തിയായി. ആദ്യ കപ്പൽ എത്തുന്നതിനു മുൻപായി വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് സി ഇ ഒയും എം ഡിയും ചൈന സന്ദർശിക്കും. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ ലോകത്തെ അറിയിക്കുക എന്ന ലക്ഷ്യത്തോടെ ഇന്റർനാഷണൽ കോൺക്ലേവ് ഒക്ടോബറിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മിന്നൽ പരിശോധ

**തിരുവനന്തപുരം:** സംസ്ഥാന വ്യാപകമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക പരിശോധനകൾ ആരംഭിച്ചു.1500 ലധികം വ്യത്യസ്ത സ്ഥലങ്ങളിലായുള്ള 3500 ലധികം വരുന്ന ഹോട്ടലുകൾ, ഷവർമ അടക്കമുള്ള ഹൈ റിസ്ക് ഭക്ഷണങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് മിന്നൽ പരിശോധന നടക്കുന്നത്. ഇതിനായി 132 സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് വ്യക്തമാക്കി.ഓരോ സ്ക്വാഡും ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ നേതൃത്വത്തിൽ മറ്റ് രണ്ട് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ ടീമിനും പ്രത്യേകമായി വാഹനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. പരിശോധനകളുടെ വേഗത ഉറപ്പുവരുത്തുന്നതിനായി പരിശോധിക്കേണ്ട വസ്തുതകൾ അടങ്ങിയ ചെക്ക് ലിസ്റ്റ്, പ്രത്യേക റൂട്ട് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പരിശോധനാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ജില്ലാതലത്തിലും, മേഖലാതലത്തിലും സംസ്ഥാനതലത്തിലും കൺട്രോൾ റൂമുകൾ സജ്ജമാണ്.സംസ്ഥാനത്തെ ഹോട്ടലുകൾ, ഷവർമ അടക്കമുള്ള ഹൈ റിസ്ക് ഭക്ഷണം പാചകം ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ എന്നിവ ഭക്ഷ്യസുരക്ഷാ നിയമങ്ങളും ചട്ടങ്ങളും റെഗുലേഷനുകളും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങളും അനുസരിച്ച് മാത്രം പ്രവർത്തിക്കുന്നത് ഉറപ്പാക്കുക എന്നതാണ് സംസ്ഥാനതല പരിശോധനയുടെ പ്രധാനപ്പെട്ട ഉദ്ദേശം.



## ഡിജിറ്റൽ ഇന്ത്യ വാരാഘോഷം: സെമിനാർ




കൊച്ചി: ഡിജിറ്റൽ ഇന്ത്യ വാരാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഇഡിസ്ട്രിക്റ്റ് സെമിനാർ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.എല്ലാ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിൽ കഴിഞ്ഞ നാലുമാസം കൊ് മികച്ച പുരോഗതി നേടിയിട്ടുന്ന് കളക്ടർ പറഞ്ഞു. നിലവിൽ ഇ ഓഫീസ് സംവിധാനം പൂർത്തീകരിക്കാത്ത ഓഫീസുകളും സബ് ഓഫീസുകളും എത്രയും വേഗത്തിൽ ഇത് പൂർത്തീകരിക്കണമെന്നും കളക്ടർ പറഞ്ഞു.ഇ ഓഫീസ് സംവിധാനത്തിന്റെ ഗുണങ്ങൾ, പ്രവർത്തനരീതികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എൻഐസി അസിസ്റ്റന്റ് ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ജോർജ് ഈപ്പൻ വിശദീകരിച്ചു.എൻഐസി ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ മായാദേവി, കേരള സംസ്ഥാന ഐടി മിഷൻ പ്രോജക്ട് മാനേജർ ചിഞ്ചു സുനിൽ ദത്ത്, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം: ജില്ല പഞ്ചായത്ത് പ്രമേയം പാസാക്കി

**ആലപ്പുഴ:** മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ജില്ല പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ച പ്രമേയം ഐകകണ്ഠേന പാസാക്കി. ജില്ല പഞ്ചായത്ത് അംഗം ആർ. റിയാസാണ് പ്രമേയം അവതരിപ്പിച്ചത്. പ്രമേയത്തെ ജില്ല പഞ്ചായത്തംഗം ജോൺ തോമസ് പിന്താങ്ങി.

നവോത്ഥാന നായകൻ അയ്യങ്കാളിയെ സാമൂഹിക മാധ്യമങ്ങളിലൂടെ അവഹേളിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന പ്രമേയവും യോഗത്തിൽ ഐകകണ്ഠേന പാസാക്കി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ടി.എസ്. താഹ അവതരിപ്പിച്ച പ്രമേയം ജില്ല പഞ്ചായത്ത് അംഗം അനന്തു രമേശൻ പിന്താങ്ങി. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാജേശ്വരി അധ്യക്ഷയായി. സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എം.വി. പ്രിയ ബിനു ഐസക് രാജു, മറ്റു ജില്ലാ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ഗോതമ്പ് സ്റ്റോക്ക് മോണിട്ടറിങ് പോർട്ടലിൽ രേഖപ്പെടുത്തണം

**ആലപ്പുഴ:** കേന്ദ്ര സർക്കാർ ഉപഭോക്തൃ ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പുതുതായി രൂപീകരിച്ച ഗോതമ്പ് സ്റ്റോക്ക് മോണിറ്ററിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അപ്ലോഡ് ചെയ്യുന്നതിനും നിർദ്ദേശം. കേരളത്തിലെ എല്ലാ വ്യാപാരികൾ/ മൊത്തക്കച്ചവടക്കാർ, ചില്ലറ വ്യാപാരികൾ, ബിഗ് ചെയിൻ റീട്ടെയിലർമാർ അല്ലെങ്കിൽ പ്രോസസർമാർ എന്നിവരാണ് നിർദ്ദേശ പ്രകാരം നടപടി സ്വകരിക്കേണ്ടത്.

നിലനിർത്തേണ്ട ഗോതസ് സ്റ്റോക്ക് പരിധി താഴെ പറയുന്നു. വ്യാപാരികൾ മൊത്തക്കച്ചവടക്കാർ : 3000 മെട്രിക് ടൺ, റീട്ടെയിലർ: ഓരോ ഔട്ട് ലെറ്റിനും 10 മെട്രിക് ടൺ (അവരുടെ എല്ലാ ഡിപ്പോകളിലും 3000 മെട്രിക് ടൺ), പ്രൊസസ്സറുകൾ: വാർഷിക സ്ഥാപിത ശേഷിയുടെ 75% അല്ലെങ്കിൽ പ്രതിമാസ ഇൻസ്റ്റാൾ ചെയ്ത കപ്പാസിറ്റിക്ക് തുല്യമായ അളവ് (2023 24 ലെ ശേഷിക്കുന്ന മാസങ്ങൾ കൊണ്ട് ഗുണിച്ചാൽ ഏതാണോ കുറവ്). ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പോർട്ടലിൽ (https://evegoils.nic.in/wsp/login) സ്റ്റോക്കുകളുടെ വിവരങ്ങൾ പ്രഖ്യാപിക്കുകയും അവ പതിവായി അപ്ഡേറ്റ് ചെയ്യുകയും വേണം.2024 മാർച്ച് 31 വരെ എല്ലാ വെള്ളിയാഴ്ചകളിലും പ്രസ്തുത പോർട്ടലിൽ ഗോതമ്പിന്റെ സ്റ്റോക്ക് പ്രതിവാര സമർപ്പണം ഉറപ്പാക്കണമെന്നും ജില്ല സപ്ലൈ ഓഫീസർ അറിയിച്ചു.

# അതിഥി തൊഴിലാളി മേഖലയിൽ ആധാർ പുതുക്കൽ നടപടികൾ വേഗത്തിലാക്കണം

**കൊച്ചി:** ജില്ലയിൽ അതിഥി തൊഴിലാളികളുടെ ആധാർ കാർഡ് പുതുക്കൽ നടപടികൾ വേഗത്തിലാക്കാൻ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർദേശിച്ചു. ആധാർ കാർഡ് പുതുക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിലാണ് കളക്ടർ വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്.കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ നഗരസഭാ പരിധിയിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ താമസിക്കുന്നത്. ഈ പ്രദേശങ്ങളിലെ അതിഥി തൊഴിലാളികളുടെ ആധാർ കാർഡ് പുതുക്കൽ നടപടികൾ 2023 ഒക്ടോബറിനകം പൂർത്തീകരിക്കണമെന്നും കളക്ടർ നിർദേശിച്ചു. യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ (യു ഐ ഡി എ ഐ) കണക്കുപ്രകാരം ഈ പ്രദേശം ഹോട്ട് സ്പോട്ടായും കണക്കാക്കിയിട്ടുണ്ട്. താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് ആധാർ കാർഡ് പുതുക്കൽ നടപടികൾ വേഗത്തിൽ ആക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കണം. പെരുമ്പാവൂർ നഗരസഭാ പരിധിയിൽ ആധാർ ഓപ്പറേറ്റർമാരുടെ നേതൃത്വത്തിൽ വാതിൽ പടി സേവനം ലഭ്യമാക്കണമെന്നും യോഗത്തിൽ നിർദേശം നൽകി.വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക പ്രാദേശിക കമ്മിറ്റി രൂപീകരിച്ച് നഗരസഭാ പരിധിയിലുള്ള എല്ലാ തൊഴിൽ ഉടമകളുടെയും വിവരങ്ങൾ ശേഖരിക്കണം. ലിസ്റ്റ് പ്രകാരമുള്ള തൊഴിൽ ഉടമകളുടെ യോഗം ചേർന്ന് വിവിധ ഇടങ്ങളിൽ ജോലിചെയ്യുന്ന അതിഥി തൊഴിലാളികളുടെ ആധാർ കാർഡ് പുതുക്കൽ നടപടികൾ വേഗത്തിലാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നിലവിൽ തൊഴിലിടങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകൾ കൂടുതൽ ഊർജിതമാക്കി തൊഴിലിന് തടസം നേരിടാതെ ആധാർ അപ്ഡേഷൻ പൂർത്തിയാക്കണമെന്നും കളക്ടർ പറഞ്ഞു.5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ആധാർ കാർഡ് ഉറപ്പാക്കണം. അഞ്ചുമുതൽ ഏഴു വയസ്സ് വരെയുള്ള കുട്ടികളുടെയും, 15നും 17നും ഇടയിൽ പ്രായമുള്ളവരുടെയും ബയോമെട്രിക് രേഖകളും പുതുക്കണം. ഇതുമായി ബന്ധപ്പെട്ട വകുപ്പുകൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കണം. പഞ്ചായത്ത് തലത്തിൽ 59 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇതുവരെ ആധാർ കാർഡ് പുതുക്കൽ നടത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ വേഗത്തിൽ പൂർത്തീകരിക്കണമെന്നും നിർദേശം നൽകി.കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ എൽ ആർ ഡെപ്യൂട്ടി കളക്ടർ വി ഇ അബ്ബാസ്, അക്ഷയ അസിസ്റ്റൻറ് പ്രൊജക്റ്റ് കോ ഓഡിനേറ്റർ എൻ ആർ പ്രേമ, ജില്ലാ ലേബർ ഓഫീസർ പി ജി വിനോദ് കുമാർ, കേരള സ്റ്റേറ്റ് ഐടി മിഷൻ പ്രോജക്ട് മാനേജർ ചിഞ്ചു സുനിൽ ദത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കെ ജെ ജോയ്, റവന്യൂ, ഐ സി ഡി എസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ലേബർ ഓഫീസ്, ഐടി മിഷൻ, വനിത ശിശു വികസന വകുപ്പ്, അക്ഷയ തുടങ്ങിയ വിവിധ വകുപ്പ് ജീവനക്കാർ നേരിട്ടും, യുഐഡി എഐ പ്രതിനിധികൾ ഓൺലൈനായും യോഗത്തിൽ പങ്കെടുത്തു.

# കീടരോഗ ബാധകൾക്ക് ഉടൻ പരിഹാരം: കയ്യെത്തും ദൂരത്ത് കൃഷി ക്ലിനിക്



**ആലപ്പുഴ:** കൃഷിയിലെ കീടരോഗ ബാധകൾക്കും മൂലകങ്ങളുടെ അപര്യാപ്തതകൾ കാരണമുണ്ടാകുന്ന പ്രശ്നങ്ങൾക്കും കർഷകർക്ക് സാങ്കേതിക സഹായം ലഭിക്കുന്നതിന് സ്ഥിരം സംവിധാനമെന്ന നിലയിൽ കൃഷി ക്ലിനിക് ഒരുക്കി ചേർത്തല തെക്ക് കൃഷിഭവൻ. കൃഷിഭവനിൽ പ്രവർത്തിക്കുന്ന വിള പരിപാലന ക്ലിനിക്കിലൂടെയാണ് കർഷകരുടെ പ്രശ്നങ്ങൾ പരിഹാരം ഒരുക്കുന്നത്. ചെടികൾക്ക് എന്തെങ്കിലും രോഗമോ ആരോഗ്യപ്രശ്നങ്ങളോ കണ്ടാൽ കർഷകന് രോഗ ലക്ഷണങ്ങളുടെ ഫോട്ടോയോ അല്ലെങ്കിൽ ചെടിയുടെ പ്രശ്നബാധിതമായ ഭാഗത്തിന്റെ സാമ്പിളുമായോ വിളപരിപാലന ക്ലിനിക്കിലെത്തിയാൽ പ്രശ്നപരിഹാര മാർഗങ്ങൾ ലഭ്യമാകും.എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചവരെ കൃഷി ഓഫീസറടങ്ങുന്ന വിദഗ്ദ സംഘം ക്ലിനിക്കിലുണ്ടാകും. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ബയോക്ലിനിക്കിൽ നിന്ന് മരുന്നുകളും സൗജന്യമായി ലഭിക്കും. പ്രശ്നം ഗുരുതരമാണെങ്കിൽ സ്ഥലത്തെത്തി പരിശോധനയും ചികിത്സയും നൽകും.ഇതിലൂടെ ഓരോ സ്ഥലത്തെയും കീടരോഗ ബാധ മുൻകൂട്ടി കണ്ടെത്താനും മറ്റ് കർഷകർക്ക് മുൻകരുതൽ നൽകാനും സാധിക്കും. കർഷകർക്ക് മികച്ച വിളവും അതിലൂടെ വരുമാന വർധനവും നേടാം. കൃഷി ഓഫീസർ റോസ്മി ജോർജ്, കൃഷി അസിസ്റ്റന്റുമാരായ സുനിൽകുമാർ, പ്രജിസ്മിത, അമൽ, പെസ്റ്റ് സ്കൗട്ട് രജിത എന്നിവരാണ് ക്ലിനിക്കിന് നേതൃത്വം നൽകുന്നത്.

## ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് പുനഃസംഘടിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് പുനഃസംഘടിപ്പിച്ചതായി സാമൂഹ്യ നീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. നിലവിലുള്ള ബോർഡിന്റെ 3 വർഷത്തെ കാലാവധി അവസാനിച്ചതിനെത്തുടർന്നാണ് 17 അംഗങ്ങൾ ഉൾപ്പെട്ട സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് പുനഃസംഘടിപ്പിച്ചു ഉത്തരവായതെന്ന് മന്ത്രി അറിയിച്ചു. 11 ഔദ്യോഗിക അംഗങ്ങൾക്കു പുറമെ എൻ ജി ഒ പ്രതിനിധി കണ്ണൂർ 'ചോല' സെക്രട്ടറി, ട്രാൻസ്ജെൻഡർ വിഭാഗം പ്രതിനിധികളായ നേഹ സി മേനോൻ, അർജുൻ ഗീത, ലയ മരിയ ജെയ്സൺ, ഇഷ കിഷോർ, ശ്യാമ എസ് പ്രഭ എന്നിവരുൾപ്പെട്ടതാണ് ബോർഡ്. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ ഉന്നമനത്തിനായി അംഗീകരിച്ച പോളിസിയുടെ ഭാഗമായാണ് സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചത്.

# സ്വാതന്ത്ര്യ ദിനാഘോഷത്തിന് വിപുലമായ ക്രമീകരണങ്ങൾ



**കൊച്ചി:** ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായുള്ള ആഘോഷപരിപാടികൾക്ക് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. സ്വാതന്ത്ര്യ ദിനാഘോഷം സംബന്ധിച്ച ഒരുക്കങ്ങൾ  ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെഅധ്യക്ഷതയിൽ യോഗം ചേർന്നു. വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ട ജോലികൾ സംബന്ധിച്ച് കളക്ടർ നിർദേശം നൽകി. സ്വാതന്ത്ര്യ ദിന പരേഡ് നടക്കുന്ന സിവിൽ സ്റ്റേഷൻ പരേഡ് ഗ്രൗണ്ടിലും അപ്രോച്ച് റോഡുകളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദേശം നൽകി. ആയിരം പേർക്ക് പങ്കെടുക്കാവുന്ന പന്തൽ ആണ് ക്രമീകരിക്കുന്നത്. സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ സ്കൂൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകി. സ്കൂൾ ബാൻഡുകൾ, പ്ലറ്റൂണുകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കണം.സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂൾ ബാൻഡുകളും പറ്റൂണുകളും 9061518888 എന്ന നമ്പറിൽ ഉടൻ ബന്ധപ്പെടണം.ഓഗസ്റ്റ് 10, 11, 12 തീയതികളിലാണ് പരേഡ് റിഹേഴ്സൽ നടക്കുന്നത്. 12ാം തീയതി രാവിലെ 7 മുതലാണ് ഫൈനൽ റിഹേഴ്സൽ. റിഹേഴ്സലുകളിലും സ്വാതന്ത്ര്യ ദിന പരേഡിലും പങ്കെടുക്കുന്ന കുട്ടികൾക്ക് ബസുകളിൽ കൺസെഷൻ അനുവദിക്കും.സ്വാതന്ത്ര്യദിന പരേഡിൽ പൊലീസ്, അഗ്നിരക്ഷാസേന, എൻ.സി.സി, സ്റ്റുഡന്റ് പൊലീസ്, സ്കൗട്ട്, ഗൈഡ് എന്നിവയ്ക്കുപുറമേ അഗ്നിരക്ഷാസേനയുടെ സിവിൽ ഡിഫൻസ് വാളന്റിയർമാർക്കും അവസരമുണ്ടാകും. പരേഡിൽ പങ്കെടുക്കുന്ന പ്ലറ്റൂണുകളിൽ നിന്ന് ഓരോ വിഭാഗത്തിലും മികച്ചു നിൽക്കുന്നവർക്കു സമ്മാനങ്ങൾ നൽകും. ദേശീയഭക്തി ഗാനാലാപനം ഉൾപ്പടെയുള്ള പരിപാടികളും പരേഡിനോട് അനുബന്ധിച്ചു നടത്തും. സ്വാതന്ത്ര്യ ദിനാഘോഷ ത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകും.കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ജീവിതശൈലീ രോഗ നിയന്ത്രണം;'മുറ്റത്തെത്തും ആരോഗ്യം' ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്



**ആലപ്പുഴ:** ജീവിതശൈലി രോഗ നിയന്ത്രണത്തിനായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ'മുറ്റത്തെത്തും ആരോഗ്യം' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കും. ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിക്കുന്നതിനായി എ.ഡി.എം. എസ്. സന്തോഷ് കുമാറിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ഇന്റർ സെക്ടറൽ യോഗം ചേർന്നു. ക്യാമ്പയിൻ ലോഗോ പോസ്റ്റർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി പ്രകാശനം ചെയ്തു.  ജനറൽ ആശുപത്രി നെഫ്രോളജിസ്റ്റ് ഡോ. ഷബിർ മുഹമ്മദ് തയ്യാറാക്കിയ 'ആശ്വാസ തണൽ' പെരിറ്റോണിയൽ ഡയാലിസിസുമായി ബന്ധപ്പെട്ട വീഡിയോയുടെ പ്രകാശനവും നടന്നു. ചടങ്ങിൽ ജീവിതശൈലി രോഗ നിയന്ത്രണ നോഡൽ ഓഫീസർ ഡോ.അനു വർഗീസ് വിഷയം അവതരിപ്പിച്ചു. ജില്ലാതല ഉദ്യോഗസ്ഥർ വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് 30 വയസ്സിന് മുകളിലുള്ള എല്ലാവരിലും ജീവിത ശൈലീ രോഗ നിർണ്ണയ പരിശോധന ശക്തിപ്പെടുത്തുക, അവബോധം സൃഷ്ടിക്കുക, ആരോഗ്യകരമായ ജീവിത ശൈലി പിന്തുടരുന്നതിന് ആവശ്യമായ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ്  മുറ്റത്തെത്തും ആരോഗ്യം ക്യാമ്പയിലൂടെ നടപ്പാക്കുക.ഇതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി ആഴ്ചതോറും രോഗ നിർണ്ണയ ക്ലിനിക്കുകൾ, വ്യാഴാഴ്ചകളിൽ എൻ.സി.ഡി. ക്ലിനിക്കുകൾ വഴി 30 വയസ്സിന് മുകളിലുള്ള എല്ലാവർക്കും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ, ഭവന സന്ദർശനത്തിലൂടെ രോഗ നിർണ്ണയം, നാട്ടു നടത്തം, ചെറിയ ഗ്രൂപ്പുകളായുള്ള വ്യായാമ കൂട്ടായ്മ തുടങ്ങി നിരവധി പരിപാടികൾ ആസൂത്രണം ചെയ്യും.

## സംരംഭക വർഷം 2.0; എല്ലാ തദ്ദേശ ഭരണ സ്ഥാപനത്തിലും എക്സിക്യൂട്ടീവ്മാർ

**ആലപ്പുഴ:** ഒരു വർഷം കൊണ്ട് സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കഴിഞ്ഞ വർഷത്തെ പദ്ധതിയുടെ തുടർച്ചയായി ഈ വർഷവും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ 72 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലുമായി 86 എന്റർപ്രൈസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവുമാരെയും നിയോഗിച്ചു. ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തിന്റെയും പ്രത്യേകയനുസരിച്ച് പുതിയ സംരംഭങ്ങൾക്കുള്ള ആശയങ്ങൾ നൽകുക, സംരംഭകത്വത്തെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുക, സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക തുടങ്ങി സംരംഭം തുടങ്ങുന്നത് വരെയുള്ള ഓരോ ഘട്ടത്തിലും സഹായികളായി എന്റർപ്രൈസസ് ഡവലപമെന്റ് എക്സിക്യൂട്ടീവുമാർ ഉണ്ടാകും. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വിവിധ സ്കീമുകളെക്കുറിച്ച് വിശദീകരിക്കും.  സംരംഭകരാകാൻ സന്നദ്ധരാകുന്നവർക്ക് ലോൺ, സബ്സിഡി മേളകൾ നടത്തി സഹായ സഹകരണങ്ങൾ ഉറപ്പാക്കും. തിങ്കൾ, ബുധൻ ദിവസങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഹെൽപ് ഡെസ്കും പ്രവർത്തിക്കും.ഒരു വർഷം കൊണ്ട് സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രകാരം 202223 സാമ്പത്തിക വർഷം ജില്ലയിൽ 9953 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും 527.57 കോടി രൂപയുടെ നിക്ഷേപവും 21213 പേർക്ക് തൊഴിലവസരവും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം 202324 സാമ്പത്തിക വർഷം സംരംഭക വർഷം 2.0 നടപ്പാക്കുകയാണ്. ഇതുവരെ 350 പുതിയ സംരംഭങ്ങളാണ് ജില്ലയിൽ ആരംഭിച്ചത്.

## ലോഗോ ക്ഷണിച്ചു

**ആലപ്പുഴ:** യുവജനങ്ങളുടെ കലാകായിക സാഹിത്യ ശേഷി പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്റെ ഈ വർഷത്തെ ലോഗോയ്ക്ക് എൻട്രികൾ ക്ഷണിച്ചു. എ4 സൈസിൽ മൾട്ടികളറിൽ പ്രിന്റ് ചെയ്ത എൻട്രികൾ ഓഗസ്റ്റ് 16ന് വൈകുന്നേരം 5നകം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനകുന്ന് പി.ഒ, തിരുവനന്തപുരം43 എന്ന വിലാസത്തിൽ നൽകണം. ഫോൺ0471 2733139, 2733602.

## ചേർത്തല മണ്ഡലത്തിലെ പട്ടയ അസംബ്ലി 4ന്

**ആലപ്പുഴ:** ചേർത്തല നിയോജക മണ്ഡലത്തിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തുന്നതിനും പട്ടയ വിതരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷി മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ ഓഗസ്റ്റ് 4ന് രാവിലെ 11ന് പട്ടയ അസംബ്ലി ചേരും. ചേർത്തല രാജീവ് ഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിലാണ് യോഗം.

## ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

**ആലപ്പുഴ:** ജില്ലയിലെ ശുചീകരണ പ്രവർത്തകാർക്കായി ടൗൺഹാളിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.നാഷണൽ കമ്മീഷൻ ഫോർ സഫായി കർമ്മചാരി അംഗമായ ഡോ. പി.പി. വാവ ക്ലാസ് നയിച്ചു. എ. ഡി.എം എസ്.സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. ജില്ലയിലെ ആറ് മുനസിപ്പാലിറ്റികളിലേയും 72 ഗ്രാമ പഞ്ചായത്തുകളിലെയും 400ഓളം  ശുചീകരണ പ്രവർത്തകർ ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു.

യോഗത്തിൽ നാഷണൽ കമ്മീഷൻ ഫോർ സഫായി കർമ്മചാരി സ്റ്റേറ്റ് കോ ഓഡിനേറ്റർ ഗോപി കൊച്ചുരാമൻ ,ജില്ല പട്ടികജാതി ഓഫീസർ ബെഞ്ചമിൻ, ലീഡ് ബാങ്ക് മാനേജർ എം.അരുൺ, അഡീഷണൽ എസ്.പി എസ്.ടി സുരേഷ് കുമാർ,  എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ ബൈജു ജോസ്, നവ കേരളം കർമ്മ പദ്ധതി ജില്ല കോ  ഓഡിനേറ്റർ കെ.എസ് രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

## പ്രൈം മിനിസ്റ്റർ നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ഓഗസ്റ്റ് 14 ന്

**കൊച്ചി:** കേന്ദ്രസംസ്ഥാന സർക്കാരിന്റെ സംയുക്താഭിമുഖ്യത്തിൽ ജില്ലയിൽ പ്രൈം മിനിസ്റ്റർ നാഷണൽ അപ്രെന്റിസ്ഷിപ്പ് മേള (PM NAM ) ഓഗസ്റ്റ് 14 ന്, രാവിലെ 09.00 മുതൽ കളമശ്ശേരി ആർ ഐ സെന്ററിൽ നടത്തുന്നു . കേന്ദ്ര സംസ്ഥാന സ്വകാര്യ /സഹകരണ മേഖലകളിലെ സ്ഥാപനങ്ങൾക്ക് മേളയിൽ അന്നേ ദിവസം പങ്കെടുക്കുന്നതിനും വിവിധ ഐ ടി ഐ ട്രേഡുകളിലെ ട്രെയിനികളെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതിനും സൗകര്യം ഉായിരിക്കും. താല്പര്യമുള്ള സ്ഥാപനങ്ങൾ ട്രേ!ഡ് തിരിച്ചുള്ള ഒഴിവുകൾ ആഗസ്റ്റ് 10 നകം rickalamassery@gmail.com ഇമെയിലിൽ അറിയിക്കാവുന്നതും www.apprenticeshipindia.gov.in എന്ന അപ്രെന്റിസ്ഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതും ആണ്. കൂടുതൽ വിവരങ്ങൾക്ക് 04842555866,/9446326442/ 9846942202/9446945175 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## വനിതാ സംരംഭകത്വ വികസന പരിശീലന പരിപാടി

**കൊച്ചി:** സംരംഭകർ ആകാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി വ്യവസായവാണിജ്യ വകുപ്പിൻറെ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ട്ഫോർ എന്റർപ്രണർഷിപ് ഡെവലപ്മെന്റ് (KIED), 10 ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിപാടി (Women Etnrepreneurship Development Programme) സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 01 മുതൽ 11 വരെ എറണാകുളം കളമശ്ശേരിയിൽ ഉള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം നടക്കുന്നത്. ബിസിനസ്സ് ആശയങ്ങൾ, ബ്രാൻഡിംഗ് ആൻറ് പ്രമോഷൻ, സർക്കാർ സ്കീമുകൾ, ബാങ്കുകളിൽ നിന്നുള്ള ബിസിനസ്സ് ലോണുകൾ, എച്ച് ആർ മാനേജ്മന്റ്, കമ്പനി രജിസ്ട്രേഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി എസ് റ്റി ഉൾപ്പെടെ 5900 രൂപയും താമസം ഇല്ലാതെ 2,421 രൂപയുമാണ് പരിശീലനത്തിന്റെ ഫീസ്. താല്പര്യമുള്ളവർ കീഡിൻറെ വെബ്ബ്സൈറ്റ് ആയ www.kied.info-ൽ ജൂലൈ 29 നു മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2532890/ 2550322/7012376994

## വിമുക്ത ഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** ഭാരത് പെട്രോളിയം കോർപ്പറേഷൻ, ജില്ലയിൽ കുറുപ്പുംപടിപാണംകുഴി റോഡിൽ കൊമ്പനാടിനും പാിക്കാട് ബസ് സ്റ്റോപ്പിനും ഇടയിലും, ആലുവ മെട്രോ സ്റ്റേഷനും ദേശത്തിനുമിടയിൽ അങ്കമാലി റോഡിലും ഇടപ്പിള്ളി ജങ്ഷനും വരാപ്പുഴ പാലത്തിനുമിടയിൽ ഗുരുവായൂർ റോഡിലും അവരുടെ റീട്ടെയിൽ ഔറ്റ്ലെറ്റുകൾ തുടങ്ങുന്നതിന് സർവ്വീസ് ദാതാക്കളെ നിയമിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.pterolpumpdealerchayan.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. എറണാകുളം ജില്ല സൈനികക്ഷേമ ഓഫിസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 60 വയസ്സ് വരെ പ്രായവുമുള്ള തല്പരരായ വിമുക്തഭടന്മാർ 31.08.2023 തീയതിക്ക് മുൻപ് എറണാകുളം ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടണം എന്ന് സൈനികക്ഷേമ ഓഫീസർ അറിയിക്കുന്നു. ഫോൺ 04842422239

## ഗസ്റ്റ് ഫാക്കൽറ്റി നിയമനം

**കൊച്ചി:** സംസ്ഥാന സർക്കാർ അനുബന്ധ സ്ഥാപനമായ ഐ എച്ച് ആർഡി യുടെ കീഴിലുള്ള പാലക്കാട് ജില്ലയിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അയലൂരിൽ 20232 അധ്യയന വർഷത്തേക്ക് കൊമേഴ്സ് ഡിപ്പാർട്ട്മെൻറിൽ ഗസ്റ്റ് ഫാക്കൽറ്റി നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. 55 ശതമാനം മാർക്കോ തത്തുല്യ ഗ്രേഡോടു കൂടിയുള്ള കൊമേഴ്സ് വിഷയത്തിലെ ബിരുദാനന്തര ബിരുദവും യുജിസി/നെറ്റ്/പിഎച്ച്ഡി യും ആണ് യോഗ്യത. ആഗസ്റ്റ് രാം തീയതി രാവിലെ 10ന് ഇൻറർവ്യൂ. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും സഹിതം ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04923241766, 8547005029 നമ്പരുകളിൽ ബന്ധപ്പെടുക.

## ബിപിസിഎല്ലിന് അനുമതി

**കൊച്ചി:** കൊച്ചിയിൽ ജൈവമാലിന്യം കംപ്രസ്ഡ് ബയോഗ്യാസ് ആക്കി മാറ്റുന്ന പ്ലാൻറ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം, ജലം, വൈദ്യുതി, എന്നിവ നൽകുന്നതിനും പൈപ്പ് ലൈൻ ഇടുന്നതിനുമുള്ള അനുമതി ബിപിസിഎല്ലിന് നൽകാൻ മന്ത്രിസഭ തീരുമാനിച്ചു. വിശദമായ പ്രോപ്പോസൽ 2023 ഒക്ടോബർ ഒന്നിനകം തയ്യാറാക്കി സമർപ്പിക്കാൻ ബിപിസില്ലിനോട് ആവശ്യപ്പെടും.

# ഇന്ത്യാ പോസ്റ്റുമായി ചേർന്ന് മില്ലറ്റുകളുടെ പ്രത്യേക തപാൽ സ്റ്റാമ്പ് പുറത്തിറക്കി ഐടിസി




**ന്യൂഡൽഹി:** അന്താരാഷ്ട്ര മില്ലറ്റ് വർഷം പ്രമാണിച്ച് ഇന്ത്യയിലെ പ്രമുഖ ബഹുഉൽപ്പന്ന കമ്പനികളിലൊന്നായ ഐടിസി, തപാൽ വകുപ്പുമായി സഹകരിച്ച് സവിശേഷ തപാൽ സ്റ്റാമ്പ് പുറത്തിറക്കി. ന്യൂഡൽഹിയിൽ തപാൽ വകുപ്പ് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ സുശ്രീ മഞ്ജു കുമാർ, ഐടിസി അഗ്രി ബിസിനസ് ഗ്രൂപ്പ് ഹെഡ് എസ് ശിവകുമാർ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ കേന്ദ്ര കൃഷി, കർഷക ക്ഷേമ സഹമന്ത്രി കൈലാഷ് ചൗധരി സ്റ്റാമ്പ് പ്രകാശനം ചെയ്തു. ഐടിസിയുടെ മിഷൻ മില്ലറ്റ്സാണ് സ്റ്റാമ്പിന്റെ ഇതിത്തം.ലോകത്തിലെ ഏറ്റവും വലിയ മില്ലറ്റ് ഉത്പാദകരും രണ്ടാമത്തെ വലിയ കയറ്റുമതിക്കാരുമാണ് ഇന്ത്യയെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര സഹമന്ത്രി കൈലാഷ് ചൗധരി പറഞ്ഞു. ഈ പശ്ചാത്തലത്തിലാണ് ജി20 അഗ്രികൾച്ചർ മിനിസ്റ്റീരിയൽ സമ്മേളനത്തിൽ ഹൈദ്രാബാദ് ആസ്ഥാനമായ ഐസിഎആർഐഐഎംആറിനെഗ്ലോബൽ സെന്റർ ഓഫ് എക്സലൻസ് ഓൺ മില്ലറ്റ്സ് (ശ്രീ അന്ന) ആയി പ്രഖ്യാപിച്ചതെന്നും മന്ത്രി പറഞ്ഞു. ദേശീയതലത്തിൽ മാത്രമല്ല ആഗോളതലത്തിലും ലോകത്തെ സൂപ്പർഫുഡായിത്തീർന്നിരിക്കുന്ന മില്ലറ്റുകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള യാത്രയിലെ ഒരു നാഴികക്കല്ലാണ് പുതിയ സ്റ്റാമ്പെന്ന് ഇന്ത്യ പോസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സുനിൽ ശർമ പറഞ്ഞു.മുഖ്യധാരാ മില്ലറ്റുകളിലുള്ള സർക്കാരിന്റെ താൽപര്യത്തെ പിന്തുണച്ച്, ഈ വർഷം ജനുവരിയിലാണ് ഐടിസി മിഷൻ മില്ലറ്റ്സ് എന്ന സമർപ്പിത സംരംഭത്തിന് തുടക്കമിട്ടത്. കരുത്തുറ്റ മില്ലറ്റ് കാർഷിക മൂല്യശൃംഖല സൃഷ്ടിക്കുന്നതിലൂടെ സുസ്ഥിര കാർഷിക സംവിധാനങ്ങൾ നടപ്പിലാക്കുക, 'ഗുഡ് ഫോർ യു' ഭക്ഷണ പോർട്ട്ഫോളിയോ വികസിപ്പിക്കുക, പോഷകഗുണമേറിയ ഭക്ഷണ ഓപ്ഷനായ മില്ലറ്റിന്റെ ഗുണങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് കമ്പനി പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായാണ് ഇന്ത്യയിൽ മില്ലറ്റുകളുടെ കൃഷി, ഉപഭോഗം എന്നിവയെക്കുറിച്ചും ശ്രീ അന്നയെയുക്കുറിച്ചുമുള്ള ബോധവൽക്കരണം ലക്ഷ്യമിട്ട് പുതിയ സ്റ്റാമ്പ് പുറത്തിറക്കിയിരിക്കുന്നതെന്ന് ഐടിസി അഗ്രി ബിസിനസ് ഗ്രൂപ്പ് ഹെഡായ എസ് ശിവകുമാർ പറഞ്ഞു. ഐടിസിയുടെ അഗ്രി ബിസിനസ് ഡിവിഷൻ, ഫുഡ്സ് ബിസിനസ് ഡിവിഷൻ, ഐടിസി ഹോട്ടൽസ് എന്നിവ കൂട്ടായി സുസ്ഥിരമായ മില്ലറ്റ് കൃഷി വികസിപ്പിക്കുന്നതിന് മാത്രമല്ല, ആരോഗ്യകരമായ മില്ലറ്റുകളിൽ അഭിരുചി വളർത്തിയെടുക്കാൻ ഉപഭോക്താക്കളെ സഹായിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇതിന്റെ ഭാഗമായി റെഡി ടു ഈറ്റ് ഫുഡ് ഉൽപന്നങ്ങൾ, കുക്കീസ്, നൂഡിൽസ്, വെർമിസെല്ലി, ചോക്കോസ്റ്റിക്സ്, ലഘുഭക്ഷണങ്ങൾ എന്നിവയും മൾട്ടി മില്ലറ്റ് മിക്സ്, റാഗി ഫ്ളോർ തുടങ്ങിയവയും ഉൾപ്പെടെ പരമ്പരാഗതവും ആധുനികവുമായ ഫോർമാറ്റുകളിൽ മില്ലറ്റ് അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഒരു ശ്രേണി ഐടിസി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഐടിസി ഹോട്ടലുകളും അവരുടെ ബുഫേകളിൽ പ്രത്യേക മില്ലറ്റ് അധിഷ്ഠിത പാചകരീതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫാമുകളിൽ നിന്ന് ഐടിസിയുടെ ഭക്ഷ്യ ഉൽപ്പാദന ഫാക്ടറികളിലേക്കുള്ള മില്ലറ്റുകളുടെ യാത്രയും, കഠള ഹോട്ടലുകളിൽ ഷെഫുകൾ തയ്യാറാക്കുന്ന പോഷകസമൃദ്ധമായ വിഭവങ്ങളും സ്റ്റാമ്പ് പകർത്തുന്നു. സ്കെച്ച് ചിത്രീകരണത്തിനൊപ്പം മണ്ണിന്റെ നിറങ്ങൾ കൂടിച്ചേരുന്ന ഈ സ്റ്റാമ്പ്, ശ്രീ അന്നയെയും അതിന്റെ എണ്ണമറ്റ നേട്ടങ്ങളെയും ആഘോഷിക്കുന്നുവെന്നും ശിവകുമാർ പറഞ്ഞു.

# മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജീവിതശൈലീരോഗ ചികിത്സാകേന്ദ്രം ആരംഭിക്കും

### ജീവിതശൈലീരോഗം സങ്കീർണമാകാൻ സാധ്യതയുള്ളവരെ കണ്ടെത്തി ചികിത്സിക്കുന്നതിനാണ് '360 ഡിഗ്രി മെറ്റബോളിക് സെന്റർ'എന്ന പേരിൽ ക്ലിനിക്ക് ആരംഭിക്കുന്നത്.

**കൊച്ചി:** ജീവിതശൈലീ രോഗനിർണയത്തിനും ചികിത്സയ്ക്കും മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ആധുനിക സംവിധാനങ്ങളോടെ ചികിത്സാകേന്ദ്രം ആരംഭിക്കുന്നു. ജീവിതശൈലീരോഗം സങ്കീർണമാകാൻ സാധ്യതയുള്ളവരെ കണ്ടെത്തി ചികിത്സിക്കുന്നതിനാണ് '360 ഡിഗ്രി മെറ്റബോളിക് സെന്റർ' എന്ന പേരിൽ ക്ലിനിക്ക് ആരംഭിക്കുന്നത്. ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാകും കേന്ദ്രത്തിന്റെ പ്രവർത്തനം.ആരംഭത്തിൽ നിസ്സാരമായി കണക്കാക്കുന്ന പല ജീവിതശൈലി രോഗങ്ങളും വൈകാതെ ഗുരുതരമായ രോഗമായി മാറുന്നു. രോഗനിർണയം വൈകുന്നതും കൃത്യസമയത്തുള്ള ചികിത്സ വൈകുന്നതുമാണ് ഇത്തരം പ്രതിസന്ധിക്ക് കാരണമായി മാറുന്നത്.എറണാകുളം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 360 ഡിഗ്രി മെറ്റബോളിക് കേന്ദ്രങ്ങൾ വിജയകരമായതിനെ തുടർന്നാണ് സംസ്ഥാനത്തൊട്ടാകെ കേന്ദ്രങ്ങൾ വ്യാപിപ്പിക്കാൻ തീരുമാനിച്ചത്. ഓരോ ജില്ലയിലും രണ്ട് കേന്ദ്രങ്ങൾ വീതമാണ് ആരംഭിക്കുക. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിക്ക് പുറമേ പറവൂർ താലൂക്ക് ആശുപത്രിയിലും ആരംഭിക്കും. പ്രമേഹം, പ്രമേഹത്തിന്റെ സങ്കീർണതകളായ ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് നെഫ്രോപ്പതി, പെരിഫറൽ ന്യൂറോപ്പതി തുടങ്ങിയ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കാനും പൾമണറി ടെസ്റ്റ് നടത്തുന്നതിനും സൗകര്യം ഒരുക്കും. കേന്ദ്രത്തിൽ ഫിസിയോതെറാപ്പിസ്റ്റ്, ഡോക്ടർ തുടങ്ങിയവരുടെ സേവനം ഉണ്ടാകും. ആവശ്യമായ ജീവനക്കാരെ ദേശീയ ആരോഗ്യദൗത്യം (എൻ.എച്ച്.എം.) ആണ് നിയമിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മൂവാറ്റുപുഴ നഗരസഭയ്ക്ക് അനുവദിച്ച 45 ലക്ഷം രൂപ വിനിയോഗിച്ചാണ് കേന്ദ്രത്തിന്റെ നിർമ്മാണം. ആശുപത്രിയിയിൽ പേവാർഡ് കോംപ്ലക്സിനോട് ചേർന്നാണ് കേന്ദ്രം പ്രവർത്തിക്കുക.

# കേരളത്തിൽ 75 ശതമാനം വളർച്ച രേഖപ്പെടുത്തി ഐകൂ

**കൊച്ചി:** വിവോയിൽ നിന്നുള്ള ഹൈ പെർഫോർമൻസ് സ്മാർട്ട് ഫോൺ ബ്രാൻഡ് ആയ ഐകൂ കേരളത്തിൽ പതിനായിരം രൂപയ്ക്ക് മുകളിലുള്ള സ്മാർട്ട് ഫോൺ വിഭാഗത്തിൽ ഏറ്റവും വളർച്ചയുള്ള ബ്രാൻഡ് ആയി മാറിയതായി ഐകൂ സി.ഇ.ഒ നിപുൻ മര്യ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 2023 ജൂണിൽ അവസാനിച്ച 12 മാസ കാലയളവിൽ 75 ശതമാനം വാർഷിക വളർച്ചയാണ് സംസ്ഥാനത്തു കൈവരിക്കാനായത്. പുതുമകൾ അവതരിപ്പിക്കാനും ഈ മേഖലയിലെ വിവിധ വില നിലവാരങ്ങളിലെ ഏറ്റവും മികച്ച പവർ പാക്ക്ഡ് ഉപകരണങ്ങൾ നൽകുന്നതിലുമുള്ള ഐകൂവിന്റെ പ്രതിബദ്ധതയിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ഐകൂ നവീന സാങ്കേതികവിദ്യകളിലും ഉപഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള സമീപനത്തിലും ഉള്ള ജനപ്രിയതയും വിശ്വാസ്യതയും വർധിച്ചു വരുന്നതാണ് ഇതു ചൂണ്ടിക്കാട്ടുന്നത്. ഇതിന്റെ ഫലമായി മേഖലയിലെ ഏറ്റവും വേഗത്തിൽ വളരുന്ന സ്മാർട്ട് ഫോൺ ബ്രാൻഡുകളിലൊന്നായി ഐകൂ വളർന്നുവെന്നും അദ്ദേഹം പറഞ്ഞു.വിൽപനയുടെ ആദ്യ ദിനത്തിൽ തന്നെ റെക്കോർഡുകൾ തകർത്ത ഐകൂ നിയോ 7പ്രോ സ്മാർട്ട് ഫോൺ അടുത്തിടെയാണ് പുറത്തിറക്കിയത്. പുറത്തിറക്കി ഏതാനും മണിക്കൂറുകൾക്കകം തന്നെ ഇതിന്റെ ഫിയർലെസ് ഫ്ളെയിം പതിപ്പിന്റെ സ്റ്റോക് തീർന്നു. ദക്ഷിണേന്ത്യയാണ് ഐകൂവിന്റെ സുപ്രധാന വിപണി. ബ്രാൻഡിന്റെ വിപണന കാമ്പെയിനുകളിലും ഇതു പ്രതിഫലിക്കുന്നുണ്ട്. സൂപർസ്റ്റാർ ദുൽഖർ സൽമാനെ അണിനിരത്തിക്കൊണ്ട് നിയോ 7 പ്രോ സ്മാർട്ട്ഫോണിന്റെ സ്ലീപ്ലെസ് സ്റ്റാർ എന്ന പേരിലുള്ള ഏറ്റവും പുതിയ ഡിജിറ്റൽ കാമ്പെയിനും ഐകൂ അടുത്തിടെ പുറത്തിറക്കിയിരുന്നു. ഐകൂ സെഡ് പരമ്പര തമിഴ്നാട്ടിൽ രണ്ടിരട്ടി വളർച്ചയാണു ദർശിച്ചത്. ഐകൂ സെഡ് 7 പ്രോയുമായി ഐക്യൂ അതിന്റെ സെഡ് പരമ്പരയെ കൂടുതൽ ശക്തമാക്കും. ഏറ്റവും മികച്ച പ്രകടനവുമായി നവീനമായ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതാണ് എന്നും തങ്ങളുടെ രീതിയെന്നും നിപുൻ മര്യ പറഞ്ഞു. ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച് നാലു വർഷങ്ങളിൽ തന്നെ കേരളത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ബ്രാൻഡുകളിലൊന്നായി മാറി. പുതുതായി അവതരിപ്പിച്ച ഐകൂ നിയോ 7 പ്രോയ്ക്ക്



ലഭിച്ച മികച്ച പ്രതികരണത്തിലും തങ്ങൾ ആവേശഭരിതരാണ്. ഏറെ പ്രതീക്ഷിച്ചിരുന്ന നാഴികക്കല്ല് നിയോ 7 പ്രോ വഴി കൈവരിച്ചത് പ്രതിബദ്ധതയോടെ മുന്നേറാനും തങ്ങളുടെ ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മറികടക്കുന്ന ഉൽപന്നങ്ങൾ അവതരിപ്പിച്ച് ഭാവിയിലെ വളർച്ചയ്ക്ക് സഹായകമായ രീതിയിൽ മുന്നേറാനും ഇടയാക്കുമെന്നും നിപുൺ മാര്യ കൂട്ടിച്ചേർത്തു. ഐകൂ നിയോ 7 പ്രോ ആമസോണിലും ഐകൂ ഇസ്റ്റോറിലും 8ജിബി+128 ജിബി 34,999 രൂപയ്ക്കാണ് ലഭ്യമായിട്ടുള്ളത്. (ഫലത്തിലെ വില 32,999 രൂപ). 12 ജിബി+256 ജിബി 37,999 രൂപയ്ക്കും (ഫലത്തിലെ വില 35,999 രൂപ) ലഭ്യമാണ്. ഫിയർലെസ് ഫ്ളെയിം, ഡാർക്ക് സ്ട്രോം എന്നീ രണ്ട് നിറങ്ങളിൽ ഈ സ്മാർട്ട് ഫോൺ തെരഞ്ഞെടുക്കാം. ഇതിനു പുറമെ മൂന്നു വർഷത്തേക്ക് മന്ത്ലി സെക്യൂരിറ്റിയും രണ്ടു വർഷത്തേക്ക് ആൻഡ്രോയ്ഡ് അപ്ഡേറ്റുകളും കമ്പനി ലഭ്യമാക്കും. ആൻഡ്രോയ്ഡ് 13 ഔട്ട് ഓഫ് ദി ബോക്സിന്റെ അടിസ്ഥാനത്തിലുള്ള ഫൺടച്ച് ഒഎസ് 13ും ഫോണിനുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ഐകൂ പ്രോഡക്ട് ഹെഡ് ശങ്കർ സിങ് ചൗഹനും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## അസ്ഥി അർബുദ രോഗം:
# പ്രത്യേക ചികിത്സ സഹായ പദ്ധതിയുമായി ആസ്റ്റർ ആശുപത്രികൾ

**കണ്ണൂർ:** അസ്ഥികളിലെ കാൻസർ (സർക്കോമ) ബാധിച്ച നിർധന രോഗികൾക്ക് ചികിത്സ സഹായവുമായി ആസ്റ്റ!ർ ആശുപത്രികൾ. സർക്കോമ ബാധിതർക്ക് പ്രതീക്ഷ നൽകുന്ന സിന്ദഗി ചികിത്സ പദ്ധതിക്ക് തുടക്കമായി. കണ്ണൂരിൽ മുൻ ആരോഗ്യമന്ത്രി കെ.കെ ഷൈലജയാണ് പദ്ധതി അവതരിപ്പിച്ചത്.രോഗ നിർണയം കഴിഞ്ഞാൽ നൂതന ചികിത്സ ഉറപ്പാക്കുന്നതിന് പുറമേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ചികിത്സ സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. അസ്ഥികളെ ബാധിക്കുന്ന കാൻസർ ചികിത്സയിൽ വിദഗ്ധനായ ഡോ. സുബിൻ സുഗതിന്റെ സേവനം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സിന്ദഗി നടപ്പാക്കുന്നത്. മികച്ച ചികിത്സയും രോഗീ പരിചണവും കൊണ്ട് ശ്രദ്ധേയരായ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലും കോഴിക്കോട് ആസ്റ്റർ മിംസിലുമാണ് ചികിത്സ നൽകുന്നത്.എ.എം ആരിഫ് എം.പി, എം.എൽ.എമാരായ പി.കെ കുഞ്ഞാലിക്കുട്ടി, കെ.ബി. ഗണേഷ്കുമാർ അടക്കമുള്ള ജനപ്രതിനിധികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കും. ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ, മിംസ് ചാരിറ്റബിൾ ട്രസ്റ്റ്, ആസ്റ്റ!ർ വോളന്റിയേഴ്സ് എന്നിവയും ഉദ്യമവുമായി സഹകരിക്കുണ്ട്. ചികിത്സ സഹായം ലഭിക്കുന്നതിന് ക്രൗഡ് ഫണ്ടിംഗ് ഉൾപ്പടെയുള്ള സഹായവും ലഭ്യമാക്കും.കുട്ടികളിലേയും മുതിർന്നവരിലേയും അസ്ഥിമുഴകൾ നീക്കം ചെയ്യുന്നതിൽ വിദഗ്ധനായ ഡോ. സുബിൻ നട്ടെല്ലിലെയും മറ്റ് അസ്ഥികളിലെയും മെറ്റാ




സ്റ്റാറ്റിക് മുറിവുകൾക്കുള്ള ശസ്ത്രക്രിയ ചികിത്സയിലും നിപുണനനാണ്. എല്ലുകളെ ബാധിക്കുന്ന കാൻസർ രോഗങ്ങൾ കൃത്യമായ രോഗനിർണയത്തിലൂടെ നേരത്തെ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ചു ഭേദമാക്കാനാവുമെന്ന് ഡോ. സുബിൻ സുഗത് പറഞ്ഞു. സർക്കോമ പോലുള്ള രോഗങ്ങളുടെ താരതമ്യേന ഉയർന്ന ചിലവ് മൂലം നി!ർധന രോഗികൾക്ക് ചികിത്സ ലഭിക്കാത്ത സാഹചര്യമുണ്ടാകരുതെന്ന ചിന്തയിൽ നിന്നാണ് സിന്ദഗി പദ്ധതി ആവിഷ്കരിച്ചതെന്ന് ആസ്റ്റ!ർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫ!ർഹാൻ യാസീനും വ്യക്തമാക്കി.സിന്ദഗി പദ്ധതിയുടെ സഹായം ആവശ്യമുള്ളവർക്ക് 89291 90644, 81119 98098 എന്നീ വാട്ട്സ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ദ്വിദിന ദേശീയ സിംമ്പോസിയം നാളെയും മറ്റന്നാളും

**കൊച്ചി:** കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ 'ദേശീയ വിദ്യാഭ്യാസ നയം ആർക്കിടെക്റ്റർ എഡ്യുക്കേഷനിൽ 'എന്ന വിഷയത്തിൽ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് ഡിസൈൻ ഇന്നോവേഷൻസ്(ആസാദി)ൽ നാളെയും മറ്റന്നാളും(ജൂലൈ 28, 29 തിയതികളിൽ)ദ്വിദിന ദേശീയ സിംമ്പോസിയം നടക്കും.വൈറ്റില ആസാദി ക്യാംപസിലെ കൂത്തമ്പലത്തിൽ നടക്കുന്ന സിംമ്പോസിയം ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.മുൻ ഇന്ത്യൻ അംബാസിഡർ ടി പി ശ്രീനിവാസൻ മുഖ്യ അതിഥിയാകും. ആർക്കിടെക്റ്റർ മേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും രാജ്യത്തെ പ്രമുഖർ സിംമ്പോസിയത്തിൽ പ്രഭാഷണം നടത്തും. മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ ആസാദിയിലെ മുൻ വിദ്യാർഥിയുമായ വിൻസി അലോഷ്യസ്, കൗൺസിൽ ഓഫ് ആർക്കിടെക്ചർ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ.അഭയ് പുരോഹിത് എന്നിവരെ ചടങ്ങിൽ ആദരിക്കുമെന്ന് ആസാദി ചെയർമാൻ സീനിയർ ആർക്കിടെക്റ്റ് പ്രൊഫ.ബി ആർ അജിത് അറിയിച്ചു.

# നാഷണൽ ആർട്ട് റസിഡൻസി ആരംഭിച്ചു

**കൊച്ചി:** കണ്ണൂർ കാക്കണ്ണൻപാറ കെ.ജി.എസ്. കലാഗ്രാമത്തിൽ 2023 ജൂലായ് 26 വൈകുന്നേരം 5 മണിക്ക് വഡോദര എം.എസ്. യൂണിവേഴ്സിറ്റി ആർട്ട് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് എച്ച്.ഒ.ഡി. ഡോ. ജയറാം പൊതുവാൾ 'നാഷണൽ ആർട്ട് റസിഡൻസി'യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ സ്വാഗതം പറഞ്ഞു. ശ്രീകണ്ഠാപുരം മുനിസിപ്പൽ ചെയർപേഴ്സൺ കെ.പി. ഫിലോമിന മുഖ്യാതിഥിയായി പങ്കെടുത്തു. കേരള ലളിതകലാ അക്കാദമി വൈസ് ചെയർപേഴ്സൺ എബി എൻ. ജോസഫ് മുഖ്യപ്രസംഗം നടത്തി. ചെങ്ങളായി പഞ്ചായത്ത് പ്രസിഡന്റ് വി. പി. മോഹൻ, ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി കൗൺസിലർ ജോസഫൈൻ വർഗ്ഗീസ്, ശ്രീകണ്ഠാപുരം വാർഡ് കൗൺസിലർ മിനി സജീവൻ, സാമൂഹിക പ്രവർത്തകൻ കെ.വി. ഗോവിന്ദൻ, ശില്പി വത്സൻ കൂർമ്മ കൊല്ലേരി എന്നിവർ ആശംസകൾ അർപ്പിച്ചു. അക്കാദമി ജനറൽ കൗൺസിൽ അംഗം ഉണ്ണി കാനായി നന്ദി പറഞ്ഞു.സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായാണ് കേരള ലളിതകലാ അക്കാദമി ആർട്ട് റസിഡൻസി പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. കലാകാരരുടെ വിവിധ രീതിയിലുള്ള കലാ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരുടെ കലാപരമായ വികാസത്തെ പ്രാദേശികവും ആഗോള കലാലോകവുമായി ബന്ധിപ്പിക്കുന്നതും ആശയവിനിമയത്തിനും കലാപ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ വിന്യസിപ്പിച്ച് സൗകര്യങ്ങൾ ഒരുക്കുകയുമാണ് ആർട്ട് റസിഡൻസി പ്രോഗ്രാമുകളിലൂടെ. ആർട്ടിസ്റ്റ് റസിഡൻസി, കലാകാരരുടെ പ്രവർത്തനവും താമസസ്ഥല സൗകര്യവും ചേർന്ന ഒരിടമാണ്. കലാകാരർക്കും മറ്റു സർഗ്ഗാത്മക പ്രൊഫഷണലുകൾക്കും തങ്ങളുടെ പ്രവർത്തനമേഖലയിൽ വ്യക്തിഗതമായോ, കൂട്ടായോ പ്രവർത്തിക്കാൻ സാധിക്കുന്നു.ഇതിനോടനുബന്ധിച്ച് സ്ലൈഡ് പ്രസന്റേഷനുകളും ഇന്ററാക്ടീവ് സെഷനുകളും സംഘടിപ്പിക്കും. അനന്തു ഉണ്ണികൃഷ്ണൻ ശർമ്മ, ബിനീഷ് നാരായണൻ, ജിതിൻ ടി. ജോയ്, എന്നിവർ പങ്കെടുക്കുന്ന റസിഡൻസി ആഗസ്റ്റ് 25ന് സമാപിക്കും.

# ലോക യുവജന സമ്മേളനം:ആദ്യമായി സീറോമലബാർ സഭാപ്രതിനിധികളും

**കാക്കനാട്:** ഓഗസ്റ്റ് ഒന്നു മുതൽ ആറു വരെ പോർച്ചുഗലിലെ ലിസ്ബണിൽ നടക്കുന്ന ലോക യുവജന സമ്മേളനത്തിൽ സീറോമലബാർസഭയുടെ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എമ്മിൽ നിന്നും ഔദ്യോഗിക പ്രതിനിധികൾ പങ്കെടുക്കുന്നു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിലിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുമായി 16 പേർ ഡൽഹിയിൽ നിന്നും സമ്മേളന നഗരിയായ ലിസ്ബണിലേക്ക് യാത്ര തിരിച്ചു.മാർപാപ്പ വിളിച്ചുചേർത്ത ആഗോള യുവജന സമ്മേളനത്തിന് മുന്നോടിയായി പോർച്ചുഗലിലെ ഗ്രാമ പ്രദേശമായ ബേജാ രൂപതയിൽ നടക്കുന്ന യുവജനങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടിയായ 'ഡേയ്സ് ഇൻ ഡയോസിസ്' പരിപാടിയിലും സംഘം സംബന്ധിക്കുന്നുണ്ട്. ആറു ദിവസം നീണ്ടു നിൽക്കുന്ന ഈ പരിപാടിക്ക് ശേഷം തീർത്ഥാടന കേന്ദ്രമായ ഫാത്തിമയും സന്ദർശിച്ചായിരിക്കും സംഘം ആഗോള യുവജന സമ്മേളനത്തിനായി ലിസ്ബണിൽ എത്തുക. എസ്.എം.വൈ.എമ്മിന്റെ ആഗോള യുവജനസംഗമവും ഈ പരിപാടിയോടൊപ്പം ഒരുക്കിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുമായി പങ്കെടുക്കുന്ന വൈദീകരും യുവജനങ്ങളുമടങ്ങുന്ന സംഘത്തിന് എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്തറ, പ്രഥമ പ്രസിഡന്റ് സിജോ അമ്പാട്ട് എന്നിവരാണ് നേതൃത്വം നൽകുന്നത്.

## ജാവ യെസ്ഡിയുടെ കാർഗിൽ വിജയ് ദിവസ് റൈഡിന്റെ മൂന്നാം പതിപ്പ് സമാപിച്ചു



**കൊച്ചി:** ഇന്ത്യൻ സായുധ സേനയുമായി സഹകരിച്ച് ജാവ യെസ്ഡി മോട്ടോർസൈക്കിൾ സംഘടിപ്പിച്ച കാർഗിൽ വിജയ് ദിവസ് റൈഡിന്റെ മൂന്നാം പതിപ്പ് വിജയകരമായി സമാപിച്ചു. കമ്പനിയുടെ ഫോർഎവർ ഹീറോ ടാഗ്‌ലൈനിലുള്ള സംരംഭത്തിന് കീഴിൽ സംഘടിപ്പിച്ച റൈഡ് ഈ വർഷം ഇന്ത്യൻ ആർമിയുടെ നാഗാ റെജിമെന്റാണ് സംഘടിപ്പിച്ചത്. 24 വർഷം മുമ്പ് കാർഗിൽ യുദ്ധത്തിൽ രാഷ്ട്രത്തെ സംരക്ഷിക്കാൻ ജീവൻ ത്യജിച്ച ധീരജവാൻമാരുടെ ദൃഢനിശ്ചയത്തിന് ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നു റൈഡിന്റെ ലക്ഷ്യം.1999ലെ യുദ്ധത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ച നാഗാ സൈനികർക്കുള്ള ആദരവായി ഫസ്റ്റ് ബ്രീത്ത് ടു ലാസ്റ്റ് എന്നതായിരുന്നു റൈഡിന്റെ പ്രമേയം. 2023 ജൂലൈ രിന് നാഗാലാൻഡിലെ കൊഹിമയിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്ത കാർഗിൽ വിജയ് ദിവസ് റൈഡ് 3,620 കിലോമീറ്റർ ദൂരം പിന്നിട്ട്, ദ്രാസിലെ കാർഗിൽ യുദ്ധസ്മാരകത്തിൽ സമാപിച്ചു. ഇന്ത്യൻ സായുധ സേനയിലെ വെറ്ററൻസ്, ഓഫീസർമാർ, സൈനികർ എന്നിവർ റൈഡിൽ പങ്കാളികളായി. രാഷ്ട്രത്തിനുവേി വീറോടെ പൊരുതി വീരമൃത്യു വരിച്ച ധീരജവാൻമാരെ ആദരിക്കുന്ന ചടങ്ങും ഇതോടൊപ്പം നടന്നു. ആദ്യ ബാച്ച് പ്രൊഡക്ഷൻ മോട്ടോർസൈക്കിളുകളിൽ നിന്ന് 13 മോട്ടോർസൈക്കിളുകൾ ലേലം ചെയ്ത് 1.49 കോടി രൂപയും ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സമാഹരിച്ചു. ഈ തുക സായുധ സേനയുടെ പതാക ദിന ഫിലേക്ക് സംഭാവന ചെയ്തു.

## ഇൻഫോപാർക്കിൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ച് കാബോട് സൊല്യൂഷൻസ്



**കൊച്ചി:** സ്തനാർബുദം പ്രാരംഭ ഘട്ടത്തിൽ കത്തെുന്നതിനായി ഇൻഫോപാർക്കിൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ച് കാബോട് സൊല്യൂഷൻസ്. ഗാർഡിയൻ എയ്ഞ്ചൽ ഹോംകെയറുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാംപ് കമ്പനിയിലെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും ക്യാൻസർ നിർണയിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായാണ് സംഘടിപ്പിച്ചത്. പരിപാടി ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്തു. വിദഗ്ധരായ മെഡിക്കൽ പ്രൊഫഷനലുകൾ ക്യാംപിന് നേതൃത്വം നൽകി. സ്തനാർബുദം നേരത്തേ കുപിടിക്കുന്നതിനുള്ള പരിശോധനകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായി സ്ക്രീനിങ്ങുകളും സെഷനുകളും നടത്തി. മെഡിക്കൽ ക്യാംപിൽ പങ്കെടുത്തവർക്ക് സംശയങ്ങൾ ചോദിക്കാനും വ്യക്തിഗത ഉപദേശം സ്വീകരിക്കാനും അവസരമൊരുക്കിയിരുന്നു.

## ആകാശ് ബൈജൂസിന്റെ ദേശീയ ടാലന്റ് ഹണ്ട് പരീക്ഷ ആൻതേ 2023 ഒക്ടോബറിൽ




**കൊച്ചി:** ആകാശ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏഴു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കായി ദേശീയ സ്കോളർഷിപ്പ് പരീക്ഷ ആൻതേ (ആകാശ് നാഷണൽ ടാലന്റ് എക്സാമിനേഷൻ)യുടെ 14ാം പതിപ്പ് ഒക്ടോബർ 7നും 15നും ഇടയിൽ ഓൺലൈനായും ഓഫ്‌ലൈനായും നടക്കുമെന്ന ആകാശ് ബൈജുസ് മേഖലാ ബിസിനസ്സ് മേധാവി ആശിഷ് കുമാർ ഝ, ബ്രാഞ്ച് മേധാവി വി പിൻ ലാൽ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 100 ശതമാനം വരെ സ്കോളർഷിപ്പ് നൽകുന്ന പരീക്ഷയിൽ 700 വിദ്യാർഥികൾക്ക് ക്യാഷ് അവാർഡുകളും സമ്മാനിക്കും. പതിനാറര ലക്ഷത്തിലേറെ വിദ്യാർഥികളാണ് കഴിഞ്ഞ വർഷം ആൻതേ പരീക്ഷ എഴുതിയത്. നീറ്റ്, ജെ ഇ ഇ അഡ്വാൻസ് തുടങ്ങിയ ഉന്നത നിലവാരമുള്ള പരീക്ഷകളിൽ ആദ്യ റാങ്കുകൾ കരസ്ഥമാക്കിയ വിദ്യാർഥികളിൽ പലരും ആൻതേ പരീക്ഷകളിലൂടെയാണ് തുടക്കമിട്ടത്. ആൻതേ സ്കോളർഷിപ്പ് സ്വീകർത്താക്കൾക്ക് ആകാശിൽ എന്റോൾ ചെയ്യാനും നീറ്റ്, ജെ ഇ ഇ സംസ്ഥാന സി ഇ ടികൾ, സ്കൂൾ/ ബോർഡ് പരീക്ഷകൾ, എൻ ടി എ സ് എ, ഒളിമ്പ്യാഡുകൾ പോലുള്ള മത്സര സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെ വിവിധ പരീക്ഷകൾക്ക് തയ്യാറെടുക്കാൻ വിദഗ്ധ മാർഗനിർദേശവും മെന്റർഷിപ്പും ലഭിക്കും.അതോടൊപ്പം ഈ വർഷം 100 വിദ്യാർഥികൾക്ക് ദേശീയ ശാസ്ത്ര പര്യവേഷണത്തിലേക്ക് അഞ്ച് ദിവസത്തെ യാത്രയ്ക്കുള്ള അവസരവും ലഭിക്കും. ആൻതേ പരീക്ഷ ഓൺലൈനായി രാവിലെ 10 മുതൽ രാത്രി ഒൻപത് വരെയാണ് നടക്കുക. ഓഫ്‌ലൈനിൽ എഴുതുന്നവർക്ക് ഒക്ടോബർ 8, 15 തിയ്യതികളിൽ രാവിലെ പത്തര മുതൽ 11.30 വരെയും വൈകിട്ട് നാലു മുതൽ അഞ്ചു വരേയും രണ്ട് ഷിഫ്റ്റുകളിലായി പരീക്ഷ എഴുതാനുള്ള സൗകര്യമുണ്ടാകും. ഓഫ്‌ലൈൻ പരീക്ഷ എഴുതുന്നവർക്ക് രാജ്യത്തെ 315ലേറെ കേന്ദ്രങ്ങളിൽ അനുയോജ്യമായ ഒരു മണിക്കൂർ സ്ലോട്ട് തെരഞ്ഞെടുക്കാവുന്നതാണ്. 40 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടെ മൊത്തം 90 മാർക്കിന്റെ പരീക്ഷയാണ് ഒരു മണിക്കൂർ നേരംകൊണ്ട് പൂർത്തിയാക്കേണ്ടത്. ഏഴു മുതൽ ഒൻപത് വരെയുള്ള ക്ലാസുകൽലെ വിദ്യാർഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ്, മെന്റൽ എബിലിറ്റി എന്നീ വിഷയങ്ങളിൽ നിന്നാണ് ചോദ്യങ്ങളുണ്ടാവുക. മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന പത്താം ക്ലാസുകാർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മെന്റൽ എബിലിറ്റി എന്നിവയും അതേ ക്ലാസിലെ എൻജിനിയറിംഗ് ആഗ്രഹിക്കുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, മെന്റൽ എബിലിറ്റി എന്നിവയും ഉൾക്കൊള്ളുന്നതായിരിക്കും ചോദ്യങ്ങൾ. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ വിദ്യാർഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നിവയും എന്നിവയും എൻജിനിയറിംഗ് ആഗ്രഹിക്കുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയുമായിരിക്കും വിഷയങ്ങൾ. ആൻതേ 2023 എന്റോൾമെന്റ് ഫോം സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി ഓൺലൈൻ പരീക്ഷ ആരംഭിക്കുന്നതിന് മൂന്ന് ദിവസം മുമ്പും ഓഫ്‌ലൈൻ പരീക്ഷയ്ക്ക് ഏഴ് ദിവസം മുമ്പുമാണ്. ഓഫ്‌ലൈൻ മോഡിന് 100 രൂപയും ഓൺലൈൻ മോഡിന് സൗജന്യവുമാണ് പരീക്ഷാ ഫീസ്.ആൻതേ 2023 ഫലങ്ങൾ പത്താം ക്ലാസ് വിദ്യാർഥികളുടേത് ഒക്ടോബർ 27നും ഏഴു മുതൽ ഒൻപത് വരെയുള്ള ക്ലാസുകളുടേത് നവംബർ മൂന്നിനും പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളുടേത് നവംബർ എട്ടിനും പ്രസിദ്ധീകരിക്കും. ഫലങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകും. ശ്രീനിവാസ് എലിഗെറ്റി, പൂർണ റാവു, അബ്രഹാം ഫിലിപ്പ് എന്നിവരും വാർത്താ സമ്മേളനത്തിൽ എന്നിവർ പങ്കെടുത്തു.

## കേരളത്തിലെ ആദ്യ വെർച്ചൽ റിയാലിറ്റി ബേസ്ഡ് ഏവിയേഷൻ പരിശീലനവുമായി ജയഭാരത്

**കൊച്ചി:** കേരളത്തിലെ ആദ്യ വെർചൽ റിയാലിറ്റി ബേസ്ഡ് ഏവിയേഷൻ പരിശീലനവുമായി ജയഭാരത്. ബിബിഎ, ബികോം വിത്ത് ട്രാവൽ ആൻഡ് ടൂറിസം കോഴ്സുകൾക്കാണ് വെർചൽ റിയാലിറ്റിയിൽ അധിഷ്ഠിതമായ പരിശീലന പരിപാടി സാധ്യമാക്കുന്നത്. സ്കിൽ ഡെവലപ്മെന്റ് രംഗത്തെ പ്രമുഖരായ സ്കിൽ മെർജ്, സ്മാർട്ട് സിജി പ്രൊ, ബി എസ് ഐ തുടങ്ങിയ കമ്പനികളുമായുള്ള സംയുക്ത സംരംഭമായാണ് പരിശീലനം ആരംഭിച്ചിട്ടുള്ളത്. എ ആർ, വിആർ, എക്സ് ആർ തുടങ്ങിയ സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി നിർമ്മിച്ച, 35 ലക്ഷം സ്ക്വയർ ഫീറ്റ് വരുന്ന വെർചൽ വിമാനത്താവളത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. ഫ്യൂച്ചർ ഏവിയേറ്റേഴ്സ് 2023 കോഴ്സിന്റെ ഉദ്ഘാടനം എറണാകുളം അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാറ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് ബൂട്ട് ക്യാമ്പും സംഘടിപ്പിച്ചു.ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത് നൂതന സാങ്കേതിക പരിശീലനങ്ങൾ പഠനത്തോടൊപ്പം നൽകുന്നതിന്റെ ആവശ്യകത എല്ലാവരും ഉൾക്കൊള്ളണമെന്നും ഉദ്ഘാടനം ചെയ്തുകൊണ്ട് അസിസ്റ്റന്റ് കളക്ടർ പറഞ്ഞു. വിജയകരമായ മാനവ വിഭവശേഷി കെട്ടിപ്പടുക്കാൻ അനുഭവവേദ്യമായ പഠനം വളരെ ഫലപ്രദമാണ് എന്നും മാർക്ക് നേടുന്നതിനേക്കാൾ വൈദഗ്ധ്യമുള്ളവരാവുകയാണ് പ്രധാനമെന്നും ജയ് ഭാരത് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ എ എം കരീം പറഞ്ഞു.

സ്മാർട്ട് ജിസി പ്രൊ അഡ്വൈസറി ബോർഡ് അംഗമായ ഹരീന്ദ്രൻ ഇ പി, കുസാറ്റ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. മനു മെൽവിൻ, മാലിന്റോ എയർ സ്റ്റേഷൻ മാനേജർ സത്യനാരായണൻ, ജയ ഭാരത് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ.നിതീഷ് കെ എൻ, ജയഭാരത് ഗ്രൂപ്പ് അസിസ്റ്റന്റ് മാനേജർ ബാസിത് ബഷീർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# സോണി ബ്രാവിയ എക്സ്ആർ എക്സ്95എൽ മിനി എൽഇഡി ടെലിവിഷൻ അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യ ബ്രാവിയ എക്സ്ആർ എക്സ്95എൽ മിനി എൽഇഡി സീരീസിന് കീഴിൽ 216 സെന്റിമീറ്റർ (85 ഇഞ്ച്) ടെലിവിഷൻ പുറത്തിറക്കി. നെക്സ്റ്റ് ജെൻ കോഗ്നിറ്റീവ് പ്രോസസർ എക്സ്ആർ കരുത്ത് നൽകുന്ന ടിവിയിൽ, ഏറ്റവും പുതിയ തലമുറ മിനി എൽഇഡി ബാക്ക്ലൈറ്റിനെ മികച്ച തെളിച്ചത്തിനായി കൃത്യമായി നിയന്ത്രിക്കുന്ന എക്സ്ആർ ബാക്ക്ലൈറ്റ് മാസ്റ്റർ ഡ്രൈവും എക്സ്ആർ കോൺട്രാസ്റ്റ് ബൂസ്റ്ററും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഗെയിമിംഗ് സ്റ്റാറ്റസ്, ക്രമീകരണങ്ങൾ, ഗെയിമിങ് അസിസ്റ്റ് ഫങ്ഷനുകൾ എന്നിവയെല്ലാം ഒരിടത്ത് എളുപ്പത്തിൽ ആക്സസ് ചെയ്യാൻ ഗെയിം മെനു ഫീച്ചറും, ഓട്ടോ ജെനർ പിക്ചർ മോഡും ഓട്ടോ എച്ച്ഡിആർ ടോൺ മാപ്പിങും ഉപയോഗിച്ച് ഏറ്റവും മികച്ച ഗെയിമിങ് അനുഭവവും പുതിയ സീരീസ് ഉറപ്പാക്കുന്നു. പതിനായിരത്തിലധികം ആപ്പുകൾ, ഗെയിമുകൾ, എഴ് ലക്ഷത്തിലേറെ സിനിമകൾ, ടിവി സീരീസുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന ഗൂഗിൾ ടിവിയിലൂടെ അവസാനമില്ലാത്ത വിനോദവും എക്സ്95എൽ സീരീസ് ഉറപ്പുനൽകുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ആപ്പിൾ എയർപ്ലേ2, ഹോംകിറ്റ് എന്നിവയിലും ഇത് തടസമില്ലാതെ പ്രവർത്തിക്കും. ഏറ്റവും പുതിയ എക്സ്ആർ 4കെ അപ്സ്കേലിങ്, എക്സ്ആർ ക്ലിയർ ഇമേജ്, എക്സ്ആർ മോഷൻ ക്ലാരിറ്റി എന്നിവയ്ക്കൊപ്പം മങ്ങലില്ലാതെ തെളിച്ചമുള്ളതും വ്യക്തവുമായ ദൃശ്യങ്ങളോടെ 4കെ അനുഭവം ആസ്വദിക്കാനും കഴിയും. പ്രതിഫലനം കുറയ്ക്കുന്ന എക്സ്-ആന്റി റിഫ്ലക്ഷനും, ഏത് കോണിൽ നിന്നും ഉജ്ജ്വലമായ യഥാർത്ഥ നിറങ്ങൾ നൽകുന്ന എക്സ്-വൈഡ് ആംഗിൾ സാങ്കേതികവിദ്യയും എക്സ്ആർ-85എക്സ്95എൽ ടിവിയിലുണ്ട്. ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, ഐമാക്സ് എൻഹാൻസ്ഡ്, നെറ്റ്ഫ്ളിക്സ് അഡാപ്റ്റീവ് കാലിബ്രേറ്റഡ് മോഡ് എന്നിവ ഉപയോഗിച്ച് സ്റ്റുഡിയോ നിലവാരത്തോടെ വീട്ടിൽ തന്നെ നിങ്ങളുടെ സ്വന്തം സിനിമ കാണാനും പുതിയ മോഡൽ ടിവി സഹായിക്കും. പ്രീലോഡഡ് മൂവി സേവനമായ ബ്രാവിയ കോർ ആപ്പ് ആണ് മറ്റൊരു സവിശേഷത. സോണിയുടെ ഏറ്റവും പുതിയ എക്സ്ആർ-85എക്സ്95എൽ മോഡൽ ഇപ്പോൾ ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രധാന ഇലക്ട്രോണിക് സ്റ്റോറുകളിലും ഇ-കൊമേഴ്സ് പോർട്ടലുകളിലും ലഭ്യമാണ്. വില 599,990 രൂപ.



# ഇന്ത്യൻ ആർമിയുടെ ഭാഗമായി ഹൈലക്സ്




**കൊച്ചി:** ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ ഹൈലക്സ് ഇന്ത്യൻ ആർമിയ്ക്ക് കൈമാറി. ആദ്യമായാണ് ഒരു ടൊയോട്ട വാഹനം ഇന്ത്യൻ ആർമിയുടെ ഭാഗമാകുന്നത്. ഇന്ത്യൻ കരസേനയുടെ നേർത്തേൺ കമാൻഡ് സംഘടിപ്പിച്ച രണ്ട് മാസത്തോളം നീണ്ടു നിന്ന വിപുലവും കഠിനവുമായ പരിശോധനകൾക്ക് ശേഷമാണ് ഹൈലക്സിന്റെ നേട്ടം. ആഗോള തലത്തിൽ ഇതിനോടകം ശ്രദ്ധനേടിയ ഹൈലക്സ് 13000 അടി ഉയരത്തിലും പൂജ്യത്തിനും താഴെ താപനിലയിലുമടക്കം കഠിനമായ കാലാവസ്ഥയിലും പരുക്കൻ ഭൂപ്രദേശങ്ങളിലും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. കരുത്ത്, ഉറപ്പ്, വിശ്വാസ്യത, ഓഫ്റോഡിംഗ് മികവ് എന്നവയിൽ ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ട ടൊയോട്ടയുടെ യൂട്ടിലിറ്റി വെഹിക്കിളാണ് ഹൈലക്സ്.

# ഇസാഫിന്റെ നേതൃത്വത്തിൽ മനോമിത്ര മാനസികാരോഗ്യ പരിശീലന പരിപാടി

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ സാന്ത്വന സാമൂഹിക മാനസിക ആരോഗ്യ പദ്ധതിയുടെ നേതൃത്വത്തിൽ മനോമിത്ര മാനസികാരോഗ്യ പരിശീലനപരിപാടി സ്ത്രീകൾക്കായി സംഘടിപ്പിക്കുന്നു. മാനസിക പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവരെ പ്രാഥമികമായി മനസിലാക്കുകയും വിദഗ്ദ പരിചരണത്തിനായി റഫറൽ നൽകുകയുമാണ് ഈ പരിശീലന പരിപാടിയുടെ ലക്ഷ്യം. മാനസികാരോഗ്യം, മാനസിക രോഗങ്ങളും ലക്ഷണങ്ങളും ചികിത്സാരീതികളും തുടങ്ങിയ വിഷയങ്ങളിൽ പ്രഗത്ഭർ നയിക്കുന്ന ക്ലാസ്സുകളും ഉണ്ടാകും. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റൽ ജംഗ്ഷനിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിങ് സെന്ററിൽ ഓഗസ്റ്റ് 12, 26 ശനിയാഴ്ചകളിലാണ് ക്ലാസ്സുകൾ നടക്കുന്നത്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ആഗസ്റ്റ് 10. വിശദ വിവരങ്ങൾക്ക്: 9745556222

ESAF SMALL FINANCE BANK
Joy of Banking

# എസ്ബിഐ ലൈഫിന് 6,207 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം

SBI Life
Apne liye. Apno ke liye.

**കൊച്ചി:** എസ്ബിഐ ലൈഫ് ഈ വർഷം ജൂൺ 30-ന് അവസാനിച്ച ത്രൈമാസത്തിൽ 6,207 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം സമാഹരിച്ചു. മുൻ വർഷം ഇതേ കാലയളവിനേക്കാൾ 18 ശതമാനം വർധനവാണിത്. പരിരക്ഷാ വിഭാഗത്തിലെ പുതിയ ബിസിനസ് പ്രീമിയം ഇതേ കാലയളവിൽ 12 ശതമാനം വർധനവോടെ 781 കോടി രൂപയിലും എത്തിയിട്ടുണ്ട്. ജൂൺ 30-ന് അവസാനിച്ച കാലയളവിലെ നികുതിക്കു ശേഷമുള്ള ലാഭം 381 കോടി രൂപയാണ്. കമ്പനിയുടെസോൾവൻസി നിരക്ക് നിയന്ത്ര സംവിധാനങ്ങൾ നിഷ്കർഷിക്കുന്ന 1.50-ന്റെ സ്ഥാനത്ത് 2.15ആയി തുടരുകയാണ്. എസ്ബിഐ ലൈഫ് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 25 ശതമാനം വർധിച്ച് 3,28,283 കോടി രൂപയിലും എത്തിയിട്ടുണ്ട്.

# യുടിഐ ബാലൻസ്ഡ് അഡ്വാന്റേജ് ഫ് എൻഎഫ്ഒ ആഗസ്റ്റ് നാലു വരെ

UTI Mutual Fund

**കൊച്ചി:** യുടിഐ മ്യൂച്വൽ ഫിന്റെ യുടിഐ ബാലൻസ്ഡ് അഡ്വാന്റേജ് ഫിന്റെ എൻഎഫ്ഒ ആഗസ്റ്റ് നാലു വരെ നടക്കും. ഓഹരി, കടപത്ര വിഭാഗങ്ങളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന നേട്ടം കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതേ സമയം വരുമാനം സംബന്ധിച്ച് എന്തെങ്കിലും ഉറപ്പോ സൂചനയോ പദ്ധതി നൽകുന്നില്ല. എൻഎഫ്ഒ കാലത്ത് പത്തു രൂപ മുഖവിലയുള്ള ഓഹരികൾ കുറഞ്ഞത് 5000 രൂപ എന്ന നിലയിൽ അപേക്ഷിക്കാം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും അപേക്ഷിക്കാം. നിഫ്റ്റ് 50 ഹൈബ്രിഡ് കോമ്പോസിറ്റ് ഡെറ്റ് 50:50 സൂചികയാണ് പദ്ധതിയുടെ അടിസ്ഥാന സൂചിക. മ്യൂച്വൽ ഫിൽ നിക്ഷേപിക്കുന്ന പലർക്കും വിപണിയിലെ ചാഞ്ചാട്ടമാണ് ഒരു വെല്ലുവിളി എന്ന് ഇതേക്കുറിച്ചു സംസാരിക്കവെ യുടിഐ എഎംസി സിഐഒ വെട്രി സുബ്രഹ്മണ്യൻ പറഞ്ഞു. ഇതു മറികടക്കാൻ നിക്ഷേപകർക്ക് ആസ്തി വകയിരുത്തുന്ന രീതി ഉാവണമെന്നും അദ്ദേഹം പറഞ്ഞു.

# ഓണം ഓഫറുകൾ പ്രഖ്യാപിച്ച് ടാറ്റാ മോട്ടോർസ്

**കൊച്ചി** ജൂലൈ 26, 2023: ഓണാഘോഷത്തിന്റെ ഭാഗമായി ഇന്ത്യയിലെ മുൻനിര വാഹന നിർമാതാക്കളായ ടാറ്റാ മോട്ടോർസ് യാത്ര വാഹനങ്ങൾക്ക് ആകർഷകമായ ഓഫറുകൾ പ്രഖ്യാപിച്ചു. ഏറ്റവും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന വിപണിയായ കേരളത്തിന് ഐ.സി.ഇ, ഇവി റേഞ്ചുകൾക്കും എസ്.യു.വികൾക്ക് 80,000 രൂപ വരെ ഇളവ് ലഭിക്കും. ഓണം ഉപഭോക്താക്കൾക്ക് മുൻഗണന ഡെലിവറി ഉറപ്പുനൽകുന്നതിനൊപ്പം സ്ക്രാച് ആൻഡ് വിൻ സമ്മാനങ്ങളും നേടാൻ അവസരമുണ്ട്. പി.എസ്.യുകളും സ്വകാര്യ, പ്രാദേശിക ധനകാര്യ സ്ഥാപനങ്ങളുമായും കൈകോർത്തുകൊണ്ട് 100 ശതമാനം ഓൺ റോഡ് ഫണ്ടിംഗ് ഇ.എം.ഐ ധനസഹായ ഓഫറുകളും നൽകുന്നു. ഓണാഘോഷത്തിനു മധുരം കൂട്ടിക്കൊണ്ട് ടാറ്റാ മോട്ടോർസ് അൾട്രോസ് റേഞ്ചിൽ തങ്ങ, തങ്ങ(ട)എന്ന രണ്ട് പുതിയ വേരിയന്റുകൾ കൂടി യഥാക്രമം 6.90 ലക്ഷം രൂപ, 7.35 ലക്ഷം രൂപ എന്നിങ്ങനെ ആകർഷകമായ വിലകളിൽ അവതരിപ്പിക്കുന്നു. ഇലക്ട്രിക്ക് സൺറൂഫിനൊപ്പം പ്രീമിയം ഹാച്ബാക്കും തങ്ങ(ട)ൽ ടാറ്റാ മോട്ടോർസ് ഉൾപ്പെടുത്തിയിരിക്കുന്നു.

# 'പ്രോമിസ്, പഹലേ പൽ സേ' കാമ്പെയിനുമായി ജോൺസൺസ് ബേബി

**കൊച്ചി:** കുഞ്ഞുങ്ങളുടെ ചർമ സംരക്ഷണ രംഗത്തെ മുൻനിരക്കാരായ ജോൺസൺസ് ബേബി തങ്ങളുടെ ഏറ്റവും പുതിയ കാമ്പെയിനായ 'പ്രോമിസ്, പഹലേ പൽ സേ' അവതരിപ്പിച്ചു. പുതിയ കാമ്പെയിനിലൂടെ ഓരോ മാതാപിതാക്കളുടേയും ശക്തമായ പ്രതിബദ്ധതയെ ആദരിക്കുകയും ആഘോഷിക്കുകയാണ് ജോൺസൺസ് ബേബി.കുഞ്ഞിൻറെ ലോല ചർമം ആദ്യ ദിനം മുതൽ സംരക്ഷിക്കാൻ സഹായിക്കുന്ന കുഞ്ഞിനു സുരക്ഷിതമായ ഘടകങ്ങൾ മാത്രം അടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള മാറ്റമില്ലാത്ത പ്രതിബദ്ധതയെ അവതരിപ്പിക്കുന്നതാണ് ബ്രാൻഡിൻറെ ഏറ്റവും പുതിയ കാമ്പെയിനായ പ്രോമിസ്, പഹലേ പൽ സേ. പുതുതായി അച്ഛനമ്മമാരായവരുടെ ലോകത്തേക്ക് പ്രേക്ഷകരെ കൊണ്ടുപോകുന്ന ഹൃദ്യമായ ഈ ചിത്രത്തിലൂടെ കുഞ്ഞിനെ ലോകത്തിലെ നല്ല കാര്യങ്ങളിലേക്കു മാത്രം കൊണ്ടുപോകുകയും നല്ല കാര്യങ്ങൾ മാത്രം നൽകുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങളാണ് അവതരിപ്പിക്കുന്നത്. കുഞ്ഞിന് എല്ലാ ദിവസവും നല്ലതു മാത്രം നൽകുകയും കുഞ്ഞിൻറെ ചർമം സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള ഒരു അച്ഛൻറേയും അമ്മയുടേയും ചെറുതെങ്കിലും കൃത്യമായ തീരുമാനങ്ങളാണ് ഇതിലൂടെ നമുക്കു മുന്നിലെത്തുന്നത്. കുഞ്ഞുങ്ങൾക്കായി സുരക്ഷിതമായ ഉത്പന്നങ്ങൾ മാത്രം തയ്യാറാക്കുക എന്ന നിയോഗവുമായാണ് ജോൺസൺസ് ബേബി പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങൾക്കുള്ള ഉത്പന്നങ്ങൾക്ക് സുരക്ഷിതമായ ഘടകങ്ങൾ മാത്രം തെരഞ്ഞെടുക്കുന്നതിനും കുഞ്ഞുങ്ങളുടെ ലോല ചർമത്തെ സംരക്ഷിക്കുന്നതിനു സഹായിക്കുമെന്ന് പരീക്ഷിച്ചറിഞ്ഞ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ദശാബ്ദങ്ങളായുള്ള അറിവിൻറേയും ശാസ്ത്രത്തിൻറേയും പിൻബലത്തിലാണ് ജോൺസൺസ് ബേബി മുന്നോട്ടു പോകുന്നത്. പീഡിയാട്രീഷൻമാരും ഡെർമറ്റോളജിസ്റ്റുമാരും പരീക്ഷിച്ചതും ഗഹനമായ ശാസ്ത്രീയ ഗവേഷണങ്ങളുടെ പിന്തുണയോടു കൂടിയതുമാണ് ജോൺസൺസ് ബേബി ഉത്പന്നങ്ങൾ.കാമ്പെയിനു മുന്നോടിയായി ജോൺസൺസ് ബേബി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി വിവിധ സംസ്ക്കാരിക പശ്ചാത്തലങ്ങളിലുള്ള പതിനയ്യായിരത്തിലേറെ അമ്മമാരെ സന്ദർശിക്കുകയും അവർക്ക് കുഞ്ഞിനോടുള്ള വാഗ്ദാനത്തെക്കുറിച്ച് മനസിലാക്കുകയും ചെയ്തിരുന്നു എന്ന് കെൻവ്യൂ ബിസിനസ് യൂണിറ്റ് മേധാവിയും മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡൻറുമായ മനോജ് ഗാഡ്ഗിൽ പറഞ്ഞു. എല്ലാ അതിർത്തികൾക്കും സംസ്ക്കാരങ്ങൾക്കും അപ്പുറത്തേക്കു കടന്നു പോകുന്ന ഒരു വാഗ്ദാനമായി കണ്ടത് കുഞ്ഞിനെ സംരക്ഷിക്കുമെന്നുള്ള അവരുടെ പ്രതിജ്ഞയാണത്. അമ്മമാരുമായി കൈകോർത്ത് അവരുടെ വിലപ്പെട്ട പ്രതിജ്ഞ പാലിക്കാൻ ജോൺസൺസ് ബേബി സഹകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.




## കിക്മ: എം.ബി.എ സീറ്റ് ഒഴിവ്

**തിരുവനന്തപുരം:** സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർ ഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) പട്ടിക വർഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിതിൽ ഒഴിവു വന്ന സീറ്റുകളിലേക്ക് ജൂലൈ 27നു രാവിലെ 10ന് ഇന്റർവ്യൂ നടത്തും. അസൽ രേഖകൾ സഹിതം കൂടികാഴ്ചയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8547618290 / 8281743442, www.kicma.ac.in.

## സൈക്കോളജിസ്റ്റ് ഒഴിവ്

**തിരുവനന്തപുരം:**കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ, വനിത ശിശുവികസന വകുപ്പിന്റെ സഹായത്തോടെ, ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിലേക്ക് സൈക്കോളജിസ്റ്റ് (പാർട്ട് ടൈം) തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾ സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഗസ്റ്റ് 8 ന് വൈകുന്നേരം 5ന് മുമ്പ് ലഭിക്കത്തക്കവിധം സാധാരണ തപാലിൽ അയച്ചു തരണം. വിലാസം : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന.പി.ഒ, തിരുവനന്തപുരം 695 002..യോഗ്യത പ്രായം : എം.എസ്.സി/എം.എ (സൈക്കോളജി) & ഒരു വർഷത്തെ പ്രവൃത്തി പരിചയം. 25 വയസ്സ് പൂർത്തിയാകണം. 30 45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണനയുണ്ട്. പ്രതിമാസം 12000 രൂപയാണ് വേതനം. ഫോൺ : 0471 2348666.

# കൊട്ടാരക്കരയിൽ എ എം സിൽക്സ് പ്രവർത്തനം ആരംഭിച്ചു




**കൊട്ടാരക്കര:** പട്ടിന്റെ വിസ്മയം തീർത്ത് കൊട്ടാരക്കരയിൽ എ എം സിൽക്സ് പ്രവർത്തനം ആരംഭിച്ചു. ധന മന്ത്രി കെ.എൻ ബാലഗോപാൽ, ചലച്ചിത്ര താരങ്ങളായ ശ്വേത മേനോൻ, അന്ന രേഷ്മ രാജൻ എന്നിവർ ചേർന്നാണ് ഷോറൂം ഉദ്ഘാടനം ചെയ്തത്.കൊട്ടാരക്കര മാർക്കറ്റ് ജംഗ്ഷനിൽ പുത്തൂർ റോഡിൽ 35,000 സ്ക്വയർഫീറ്റ് വിസ്തൃതിയിലാണ് എഎം സിൽക്സ് ആരംഭിച്ചത്. മൂന്നു നിലകളിലായി ഒരുക്കിയ ഷോറൂമിൽ വിവാഹ വസ്ത്രങ്ങൾക്കും, കിഡ്സ് വെയറുകൾക്കും ട്രഡീഷണൽ കളക്ഷനുകൾക്കും, മെൻസ്, വിമൻസ് വെയറുകൾക്കും പ്രത്യേകം വിഭാഗങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരു ദശാബ്ദക്കാലമായി വസ്ത്ര മൊത്തവ്യാപാര രംഗത്ത് പ്രവർത്തന പരിചയമുള്ള എ എം സഖറിയയുടെ ആദ്യ റീടെയിൽ സംരംഭമാണ് എ എം സിൽക്സ്. വരും വർഷങ്ങളിൽ കൂടുതൽ ബ്രാഞ്ചുകൾ തുറക്കാനുള്ള തയ്യാറെടുപ്പിലാണ്.കൊട്ടാരക്കര മുൻസിപ്പൽ ചെയർമാൻ എസ് ആർ രമേശ്, എ എം സിൽക്സ് മാനേജിംഗ് ഡയറക്ടർ എ എം സഖറിയ തുടങ്ങിയവർ പങ്കെടുത്തു. മസ്കാര ഇവന്റ്സ് പ്രമീള സഖറിയയുടെ നേതൃത്വത്തിൽ ഒരാഴ്ചയായി സ്ട്രീറ്റ് റാംപ് വാക്ക് തുടങ്ങി വിവിധ പ്രോമോഷൻ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. മസ്കാര ഇവന്റ്സാണ് ഉദ്ഘാടന ചടങ്ങ് ഒരുക്കിയത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663